“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ



| | | |
|---|---|---|
| *Vol. XXXVIII* | *2010 March* | *No. 3* |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


ഇടയലേഖനം.............................................................. 163
നോമ്പുകാലസന്ദേശം .................................................. 169
വൈദീകവർഷം ........................................................ 174
രൂപതാ കച്ചേരി വാർത്തകൾ .................................. 175
വിദ്യാഭ്യാസ സഹായനിധി .......................................... 181
വൈദീകസമ്മേളനം റിപ്പോർട്ട് .................................. 183
ദൈവവിളി ക്യാമ്പ് ................................................ 186
റീജിയണൽ വാർത്തകൾ .......................................... 187
ജയിൽ മിനിസ്ട്രി .................................................. 187
മതബോധനരംഗം .................................................... 188
ചെറുപുഷ്പമിഷൻലീഗ് .............................................. 194
കെ. സി. വൈ. എം. .................................................. 198
കുടുംബപ്രേഷിതത്വം .............................................. 203
സിയോൻ വാർത്തകൾ.............................................. 205
ക്രിസ്റ്റീൻ വാർത്തകൾ .............................................. 210
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 211
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 214
സാമൂഹ്യ സേവനരംഗം .............................................. 215
അറിയിപ്പുകൾ ........................................................ 217
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 220
ബിഷപ്സ് പ്രോഗ്രാം ................................................ 221



# ഇടയലേഖനം

*Pastoral Letter No. 01/2010*
*Prot. No. 9181/2010*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലാണല്ലോ നാമിപ്പോൾ. പശ്ചാത്താപത്തിന്റെയും, പ്രായശ്ചിത്തത്തിന്റേയും അടയാളമായി നെറ്റിയിൽ ചാരംപൂശി നാം നോമ്പാരംഭിച്ചു. അതോടൊപ്പം എല്ലാ ആഘോഷങ്ങളിൽ നിന്നും ആഡംബരങ്ങളിൽ നിന്നും ഈ കാലഘട്ടത്തിൽ മാറി നിൽക്കുന്നു. ഭക്ഷണപാനീയങ്ങളിൽ നോമ്പുകാലത്ത് നാം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. കൂടുതലായി ഈ കാലഘട്ടത്തിൽ നാം പ്രാർത്ഥിക്കുകയും പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നു. കൂടുതലായി വിശുദ്ധകുർബാനയിൽ സംബന്ധിക്കുകയും അനുതാപത്തിന്റെ കൂദാശയ്ക്കായി അടുത്തടുത്ത് അണയുകയും ചെയ്യുന്നു. ചിലരെങ്കിലും തീർത്ഥാടനങ്ങൾക്കായും ഈ കാലഘട്ടം തെരഞ്ഞെടുക്കുന്നു.

ഇപ്പറഞ്ഞവയെല്ലാം നമ്മുടെ പാപങ്ങളേയും തെറ്റുകളേയും പറ്റി നാം പശ്ചാത്തപിക്കുന്നു എന്നും അവയിൽ നിന്ന് പിൻതിരിയാൻ നാം ആഗ്രഹിക്കുന്നു എന്നും ഉള്ളതിന്റെ ബാഹ്യമായ അടയാളങ്ങളാണ്. അതുപോലെ കർത്താവുമായി കൂടുതൽ അടുത്ത് വസിക്കുവാൻ ആഗ്രഹിക്കുന്നു എന്നും അവ ദ്യോതിപ്പിക്കുന്നു.

എന്നാൽ അവയ്ക്ക് ആനുപാതികമായ മാറ്റങ്ങൾ നമ്മുടെ ഉള്ളിൽ സംഭവിക്കുമ്പോഴാണ് അവ ഫലവത്തായി എന്ന് പറയാൻ കഴിയുന്നത്. കാരണം മാറ്റം വരേണ്ടത് നമ്മുടെ മനസ്സിലും മനോഭാവത്തിലുമാണ്. അവിടെ മാറ്റം വരുമ്പോൾ നമ്മുടെ വാക്കുകളും പ്രവൃത്തികളും ശരിയായതായി തീരുന്നു. അങ്ങനെ മനസ്സിലും മനോഭാവത്തിലും മാറ്റം വന്നുകഴിയുമ്പോൾ അത് കർത്താവിനോടൊത്തുള്ള ഉയിർപ്പിന്റെ ജീവിതമായിത്തീരുന്നു. *ദിവ്യ ഈശോയെ എന്റെ ഹൃദയം അങ്ങയുടെ തിരുഹൃദയത്തിന് ഒത്തതാക്കി തീർക്കണമേ* എന്ന് നാം പ്രാർത്ഥിക്കാറുണ്ടല്ലോ. മനസ്സിലേയും മനോഭാവത്തിലേയും മാറ്റങ്ങൾ കർത്താവിന്റെ മനസ്സിനോടും മനോഭാവത്തോടുമാണ് നമ്മെ അടുപ്പിക്കേണ്ടത്.

മനസ്സിലേയും മനോഭാവത്തിലേയും മാറ്റങ്ങൾ, അതായത്, നമ്മുടെ മനസ്സും മനോഭാവവും ഈശോയുടെ മനസ്സിനോടും മനോഭാവത്തോടും ഒത്തതായിക്കഴിയുമ്പോൾ, അത് നമ്മുടെ അനുദിന ജീവിതത്തിൽ പ്രതിഫലിയ്ക്കും. അപ്പോൾ നമുക്കും വിശുദ്ധ പൗലോസ് ശ്ലീഹായേപ്പോലെ പറയുവാൻ കഴിയും, *ഇനി ഞാനല്ല, കർത്താവാണ് എന്നിൽ ജീവിക്കുന്നതെന്ന്.* ആ ജീവിതമാണ് ഉയിർപ്പിന്റെ ജീവിതം. അപ്പോൾ കിട്ടുന്ന സന്തോഷമാണ് ഉയിർപ്പിന്റെ സന്തോഷം. അവിടെയെത്താനുള്ള പാത കുരിശിന്റെ പാതയാണ്. ആ പാതയാണ് നോമ്പിലൂടെയും ഉപവാസത്തിലൂടെയും പ്രായശ്ചിത്ത പ്രവൃത്തികളിലൂടെയും എല്ലാം നാം അനുധാവനം ചെയ്യാൻ ശ്രമിക്കുന്നത്.

നോമ്പും ഉപവാസവും കേവലം പശ്ചാത്താപവും പ്രായശ്ചിത്തവും മാത്രമല്ല പ്രതിനിധാനം ചെയ്യുന്നത്. ക്രൈസ്തവജീവിതം പങ്കുവയ്ക്കലിന്റെ ജീവിതമാണെന്നും പങ്കു വയ്ക്കാൻ സാധിക്കണമെങ്കിൽ നാം നമ്മുടെ ഉപഭോഗം കുറയ്ക്കണമെന്നുമാണ്. സമ്പത്തായാലും, സമയമായാലും ഊർജ്ജമായാലും അതെല്ലാം ദൈവം നമുക്ക് തന്നിരിക്കുന്ന ദാനമാണ്. അത് നമുക്ക് വേണ്ടി മാത്രം ഉപയോഗിക്കാനുള്ളതുമല്ല. പ്രത്യുത, മറ്റുള്ളവരുമായി പങ്കു വയ്ക്കാനുള്ളതാണ്. അപ്രകാരം പങ്കു വയ്ക്കുന്നത് നമ്മുടെ ആവശ്യങ്ങൾ എല്ലാം സാധിച്ചിട്ടാകാം എന്ന് ചിന്തിച്ചാൽ ഒരിക്കലും നടന്നെന്ന് വരുകയില്ല, കാരണം ആവശ്യങ്ങൾ എന്നും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. അതുകൊണ്ട് പങ്കുവയ്ക്കൽ പ്രക്രിയ നടക്കണമെങ്കിൽ നാം നമ്മുടെ ആവശ്യങ്ങൾ കുറയ്ക്കണമെന്നും ചിലതെല്ലാം വേണ്ടെന്ന് വയ്ക്കണമെന്നും നോമ്പും ഉപവാസവും നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇത് വസ്തുക്കളുടെ കാര്യത്തിലെന്നപോലെ സമയത്തിന്റെ കാര്യത്തിലും എല്ലാം പ്രസക്തമാണ്.

നോമ്പുകാലത്ത് വ്യക്തിയുടേതെന്നപോലെ സമൂഹത്തിന്റെ മന സ്സിലും മനോഭാവത്തിലും മാറ്റങ്ങൾ വരുത്തുവാനുള്ള പരിശീലനം കിട്ടണം. കാരണം നാമെല്ലാം സമൂഹജീവികൾ കൂടിയാണല്ലോ. അതു കൊണ്ടാണ് ഏശയ്യാ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്യുന്നത്: "ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസ ത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തല കുനിക്കുന്നതും ചാക്കു വിരിച്ച് ചാരവും വിതറികിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താ വിനു സ്വീകാര്യമായ ദിവസം എന്നും വിളിക്കുക? ദുഷ്ടതയുടെ കെട്ടു കൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ധി തരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്ന തല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?"(ഏശയ്യ 58:5-7). സമൂഹ ത്തിലെ അനീതിയുടെ നടുവൊടിക്കുക എന്നു പറഞ്ഞാൽ സമൂഹമന സാക്ഷിയെ മാറ്റുക എന്നാണർത്ഥം. സമൂഹമൊന്നാകെ ചെയ്യുന്ന പാപ ങ്ങളും തുടച്ചുനീക്കപ്പെടണം. അതിന് ഓരോ സമൂഹാംഗവും കടപ്പെട്ടി രിക്കുന്നു. സമൂഹത്തെ മറന്നുകൊണ്ടുള്ള ജീവിതം ക്രൈസ്തവമല്ല. സമൂഹത്തെ ക്രൈസ്തവമാക്കി തീർക്കാനുള്ള കടമ ഓരോ ക്രൈസ്തവ വിശ്വാസിക്കുമുണ്ട്.

സമൂഹത്തിന്റെ പാപങ്ങളെപ്പറ്റി പറയുമ്പോൾ ധാരാളം പറയാ നുണ്ടെങ്കിലും രണ്ട് കാര്യങ്ങൾ പ്രത്യേകമായി എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന് അഴിമതിയും കൈക്കൂലിയും; രണ്ട് പരി സ്ഥിതിയോട് നാം ചെയ്യുന്ന ക്രൂരത. ആദ്യത്തെതിനോട് ബന്ധപ്പെട്ടത് തന്നെയാണ് രണ്ടാമത്തെതും. കൈക്കൂലി വാങ്ങുന്നവരും കൊടുക്കു ന്നവരും ഉള്ളതുകൊണ്ടാണ് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തകർക്കാൻ മനുഷ്യൻ അവസരമൊരുക്കുന്നത്. കൈക്കൂലിയും അഴി മതിയുമാണ് നമ്മുടെ സമൂഹത്തിലെ ഒട്ടെല്ലാ പ്രശ്നങ്ങളുടേയും അടി സ്ഥാനകാരണം.

ഒരുദാഹരണം മാത്രം നിങ്ങളുടെ ശ്രദ്ധയിൽപെടുത്തട്ടെ. നമ്മുടെ റോഡുകളിൽ ദിവസേന നൂറുകണക്കിന് മനുഷ്യരുടെ ജീവനാണ് പൊലിയുന്നത്. കൃത്യമായ നിലവാരത്തിൽ റോഡുകൾ നിർമ്മിക്കാൻ ബാദ്ധ്യതയുള്ളവരും അതങ്ങനെ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉത്തരവാദിത്വപ്പെട്ടവരും അനർഹമായി പണം സമ്പാദിക്കാൻ ശ്രമിക്കു മ്പോൾ റോഡിനുവേണ്ടി ആവശ്യമായ പണം മുടക്കാൻ കഴിയാതെ വരുന്നു. അങ്ങനെ ഗുണനിലവാരം കുറഞ്ഞ റോഡുകൾ നിർമ്മിക്ക

പ്പെടുകയും പെട്ടെന്ന് പൊട്ടിപ്പൊളിഞ്ഞ് വാഹനങ്ങൾക്കും കാൽനട ക്കാർക്കും അപകടകാരികളായിത്തീരുകയും ചെയ്യുന്നു.

അത്തരം റോഡുകളിലൂടെ സുരക്ഷിതമായി വാഹനമോടിക്കാൻ ഡ്രൈവർമാർക്കും കഴിയുന്നില്ല. കാരണം ഗതാഗതനിയമങ്ങൾ അനു ശാസിക്കുന്ന രീതിയിൽ നിർമ്മിക്കപെടാത്ത റോഡുകളിൽ നിയമം പാലിക്കുക പലപ്പോഴും സാധ്യമല്ല തന്നെ. ഗതാഗതനിയമങ്ങളനുസരി ച്ചുള്ള റോഡുകൾ ഉണ്ടാക്കാത്തതുകൊണ്ട് ആ നിയമങ്ങളിൽ ഡ്രൈവർമാരെ പരിശീലിപ്പിക്കാനും സാധ്യമല്ല.

അതുപോലെ തന്നെ ശരിയായി പരിശീലനം സിദ്ധിക്കാതെ പണം കൊടുത്ത് ലൈസൻസ് നേടാൻ നമ്മുടെ നാട്ടിൽ കഴിയും. അങ്ങനെ ലൈസൻസ് നേടുന്നവർ നിയമമനുസരിച്ച് വാഹനം ഓടി ക്കാൻ അറിയാത്തവരായിരിക്കും എന്നും അങ്ങനെയുള്ളവർ വാഹനം ഓടിച്ചാൽ അപകടങ്ങൾക്ക് കൂടിയ സാദ്ധ്യത ഉണ്ട് എന്നും ഏവർക്കുമ റിയാം. ഇങ്ങനെ ലൈസൻസ് കിട്ടാൻ പണം കൊടുക്കുന്നവരും അത് വാങ്ങുന്നവരും ഒരുപോലെ തെറ്റ് ചെയ്യുന്നു. ഒരുതരത്തിൽ അവർ മറ്റു ള്ളവരുടെ മരണത്തിന് കൂട്ടുനിൽക്കുന്നതിലൂടെ കൊലപാതകമെന്ന പാപം തന്നെയാണ് ചെയ്യുന്നത്.

ഗതാഗതനിയമനുസരിച്ച് വാഹനങ്ങൾ ഓടിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ ബാദ്ധ്യസ്ഥരായവർ അത് ചെയ്യാതെ പണം വാങ്ങി നിയമ ലംഘകരെ വെറുതെ വിടുമ്പോഴും അപകടത്തിന് കൂട്ട് നിൽക്കുകയാണ് ചെയ്യുന്നത്. അതുപോലെ തന്നെ കാലാകാലങ്ങളിൽ വാഹനങ്ങളുടെ സുരക്ഷാപരിശോധന നടത്തേണ്ടവർ അത് ചെയ്യാതെ പണം വാങ്ങി സുരക്ഷിതമല്ലാത്ത വാഹനങ്ങൾക്ക് സുരക്ഷാസർട്ടിഫിക്കറ്റ് കൊടുക്കു മ്പോഴും ഇത് തന്നെ ചെയ്യുന്നു. സമൂഹത്തിലെ ഉന്നതരും സ്വാധീന മുള്ളവരും പണക്കാരും നിയമലംഘനം നടത്തുമ്പോൾ അവർക്കെതിരെ നടപടിയെടുക്കാൻ വേണ്ടപ്പെട്ടവർ പലപ്പോഴും മടിക്കുന്നത് അങ്ങനെ ചെയ്താൽ ആ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷകൾ ഉണ്ടാകും എന്ന തിന്റെ പേരിലാണ്. അപ്പോൾ സത്യസന്ധരായ ഉദ്യോഗസ്ഥരെ ശിക്ഷി ക്കുന്നവരും ഗുരുതരമായ പാപം ചെയ്യുന്നു. ഇതും അഴിമതിയുടെ മറ്റൊരു മുഖംതന്നെ.

അപകടകരമായ രീതിയിൽ വാഹനങ്ങളിൽ ചരക്ക് കയറ്റി വരു മ്പോൾ പണത്തിന്റെ ശക്തികൊണ്ട് അത്തരക്കാർ നിർബാധം റോഡി ലൂടെ വാഹനങ്ങളോടിക്കുന്നു. റോഡു നിറഞ്ഞുനിൽക്കുന്ന രീതിയിൽ വയ്ക്കോലും തടിയും മുളയും മറ്റും കയറ്റി പോകുന്ന വാഹനങ്ങൾ

നാം ദിവസേന കാണുന്നു. അവർക്കതിന് സാധിക്കുന്നത് കൈക്കൂലി കൊടുത്തുകൊണ്ട് തന്നെ. വീതികുറഞ്ഞതും പൊട്ടിപ്പൊളിഞ്ഞതും തലങ്ങും വിലങ്ങും വൈദ്യുതികമ്പികളും എല്ലാം ഉള്ള നമ്മുടെ റോഡുകളിലൂടെ ഈ വാഹനങ്ങൾ അമിതവേഗത്തിൽ പായുമ്പോൾ അപകടമുണ്ടാകുന്നില്ലെങ്കിലല്ലെ അത്ഭുതപ്പെടേണ്ടതുള്ളൂ.

യാത്രക്കാരെ കയറ്റി പോകുന്ന ബസ്സുകളുടേയും മറ്റ് വാഹനങ്ങളുടേയും കാര്യവും ഇതുപോലെതന്നെ. അമിതവേഗത്തിലും ശ്രദ്ധയില്ലാതെയും ഓടിക്കുന്ന വാഹനങ്ങൾ അപകടത്തിൽപെട്ട് ധാരാളം പേരുടെ ജീവൻ പൊലിയുന്നു. അതിലേറെപ്പേരുടെ ജീവിതം ആജീവനാന്തം നരകതുല്യമാകുന്നു. ഇതെല്ലാം സംഭവിക്കുമ്പോഴും അതിന് ഉത്തരവാദികളായവർ ശിക്ഷിക്കപ്പെടുന്നില്ല. കാരണം വേണ്ടപ്പെട്ടവർക്ക് കൈക്കൂലി കൃത്യമായി കിട്ടുന്നു എന്നതുതന്നെ കാരണം.

നമ്മുടെ സമൂഹത്തിലെ മറ്റൊരു തിന്മയാണ് പരിസ്ഥിതിയ്ക്ക് മനുഷ്യർ വരുത്തുന്ന ദോഷം. സർവ്വതും നാം വിഷലിപ്തമാക്കിയിരിക്കുന്നു. ഭക്ഷണസാധനങ്ങൾ എല്ലാം മായം ചേർത്ത് വിൽക്കപ്പെടുന്നു. പഴവർഗ്ഗങ്ങൾ മൂക്കുന്നതിനു മുമ്പ് പഴുപ്പിക്കാൻ മാരകമായ വിഷം ഉപയോഗിക്കുന്നു. അമിതവിഷമുള്ള കീടനാശിനികളും രാസവളങ്ങളും ഉയർന്ന അളവിൽ ഉപയോഗിക്കുന്നതിനാൽ മണ്ണും വെള്ളവും മലിനപ്പെടുന്നു. അതിലൂടെ രോഗവാഹികളായ കൊതുകിനേയും മറ്റ് കീടങ്ങളേയും തിന്നൊടുക്കുന്ന തവളകളും മത്സ്യങ്ങളും പോലെയുള്ള ജീവികളും ചത്തൊടുങ്ങുന്നു. ഫലമോ, ഇതുവരെയും നാം കേട്ടിട്ടില്ലാത്ത പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. പല രോഗങ്ങളും എങ്ങനെ ഉണ്ടാകുന്നു എന്നുപോലും കണ്ടെത്താൻ കഴിയുന്നില്ല. പ്ലാസ്റ്റിക്കും മറ്റും ചുറ്റുപാടും വലിച്ചെറിയുന്ന നാം പരിസരത്തെ മലിനമാക്കുന്നതോടൊപ്പം രോഗങ്ങൾക്ക് കാരണമാക്കുകയും വന്യജീവികളുടെ മരണത്തിന് ഉത്തരവാദികളാകുകയും ചെയ്യുന്നു. ഇതെല്ലാം സംഭവിക്കുന്നത് പ്രധാനമായും അഴിമതിയും കൈക്കൂലിയും കൊണ്ടുതന്നെ. ആരെന്തു ചെയ്താലും നിയമങ്ങൾ ലംഘിച്ചാലും പണം കൊടുത്താൽ രക്ഷപെടാം.

ഇങ്ങനെ സമൂഹത്തിൽ അഴിമതിയും കൈക്കൂലിയും മൂലം നടക്കുന്ന മറ്റൊരുപാട് മേഖലകളുണ്ട്. അവിടെയെല്ലാം മാറ്റങ്ങൾ വരണം. അതിന് നമുക്കും ചിലതെല്ലാം ചെയ്യുവാനുണ്ട്. നാം കൈക്കൂലി കൊടുക്കുകയില്ല, വാങ്ങിക്കുകയില്ല എന്ന് തീരുമാനിച്ചാൽ കാര്യങ്ങൾ ഏറെ വ്യത്യാസപ്പെടും. പക്ഷേ നാം പീഡനം ഏൽക്കേണ്ടിവരും. അതാണ്

നമ്മുടെ പീഡാനുഭവവും കുരിശുമരണവും. ഇന്നത്തെ മനുഷ്യനെ രക്ഷിക്കുവാനുള്ള ചുമതലയാണ് കർത്താവ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. അത് നാം നിർവ്വഹിക്കുമ്പോൾ നമ്മുടെ നോമ്പുകാലം സാർത്ഥകമാകും. അങ്ങനെ കിട്ടുന്ന സന്തോഷമാണ് ഈ ലോകത്തിൽ ഉയിർപ്പിന്റെ സന്തോഷം. അതിനുള്ള ശക്തി ഈ നോമ്പുകാലത്തിലൂടെ നമുക്ക് സംഭരിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2010 ഫെബ്രുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2010 മാർച്ച് മാസം 7-ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# നോമ്പുകാലസന്ദേശം - 2010

## പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ നൽകുന്ന 2010 ലെ നോമ്പുകാലസന്ദേശം

"ദൈവനീതി യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ
വെളിവാക്കപ്പെടുന്നു" (cf. റോമാ. 3:21-22)

പ്രിയ സഹോദരീ സഹോദരന്മാരേ,

സുവിശേഷ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ആത്മാർത്ഥത യോടെ ജീവിതം പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ സഭ ഓരോ വർഷവും നോമ്പുകാലത്ത് നമ്മെ ക്ഷണിക്കുന്നുണ്ട്. ഈ വർഷം നീതി യെന്ന മഹത്തായ വിഷയത്തെക്കുറിച്ച് ചില ചിന്തകൾ നിങ്ങളുമായി പങ്കു വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവനീതി യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ വെളിവാക്കപ്പെടുന്നു എന്ന പൗലോസ് ശ്ലീഹായുടെ പ്രസ്താവനയോടെ നമുക്കു തുടങ്ങാം.

**നീതി: "ഓരോരുത്തനും അർഹതപ്പെട്ടതു കൊടുക്കുക"**

ഒന്നാമതായി, "നീതി" എന്ന വാക്കിന്റെ അർത്ഥം പരിഗണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. "ഓരോ മനുഷ്യനും അർഹതപ്പെട്ടത് കൊടുക്കുക" എന്നാണല്ലോ ആ വാക്ക് സാധാരണമായി പ്രയോഗിക്കുമ്പോൾ അർത്ഥമാ ക്കുന്നത്. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു റോമൻ നിയമപണ്ഡിത നായ ഉൾപിയന്റെ സുപ്രസിദ്ധമായ പ്രയോഗമനുസരിച്ചുള്ള അർത്ഥമാണത്. എന്നാൽ, യഥാർത്ഥത്തിൽ, ഓരോ വ്യക്തിക്കും നൽകേണ്ട അർഹതപ്പെട്ടത് (due) എന്താണെന്ന് ഈ ക്ലാസിക്കൽ നിർവചനത്തിൽ വ്യക്തമാക്കിയിട്ടില്ല. മനുഷ്യന് ഏറ്റവും അധികം ആവശ്യമായിരിക്കുന്നത് നൽകാമെന്ന് ഉറപ്പാ ക്കാൻ നിയമത്തിനു കഴിയുകയില്ല. ജീവിതം പൂർണമായ അളവിൽ ജീവി ക്കാൻ കൂടുതൽ അവഗാഢമായ ഒന്ന് ആവശ്യമായിരിക്കുന്നു. അത് ഒരു ദാനമായി മാത്രമേ നൽകപ്പെടാനാവൂ. ദൈവത്തിനുമാത്രം നൽകാൻ കഴി യുന്ന സ്നേഹം കൊണ്ടാണ് മനുഷ്യൻ ജീവിക്കുന്നതെന്ന് നമുക്കു പറയാം. എന്തെന്നാൽ, അവിടുന്നാണ് തന്റെ ഛായയിലും സാദൃശ്യത്തിലും മനു ഷ്യനെ സൃഷ്ടിച്ചത്. ഭൗതികവസ്തുക്കൾ തീർച്ചയായും ഉപകാരപ്രദമാണ്, ആവശ്യമുള്ളവയുമാണ്. യഥാർത്ഥത്തിൽ യേശുക്രിസ്തു രോഗികളെ സുഖ പ്പെടുത്താനും തന്നെ അനുഗമിച്ച ജനസമൂഹത്തെ തീറ്റിപ്പോറ്റാനും താത്പര്യം കാണിച്ചു. ഭക്ഷണം, ജലം, ഔഷധങ്ങൾ എന്നിവയുടെ അഭാവം മൂലം ഇന്നും കോടിക്കണക്കിന് മനുഷ്യരെ മരണത്തിലേയ്ക്ക് തള്ളിവിടുന്ന

നിസ്സംഗതയെ അവിടുന്ന് തീർച്ചയായും ശപിക്കുന്നുണ്ട്. എന്നിട്ടും മനുഷ്യന് അർഹതപ്പെട്ടത് "വിതരണാത്മകനീതി" അവനു പൂർണമായി നൽകുന്നില്ല. മനുഷ്യന് അപ്പം ആവശ്യമാണ്; അതിനെക്കാൾ ഏറെ ദൈവത്തെ ആവശ്യമാണ്. "ഓരോരുത്തനും അർഹതപ്പെട്ടത് നൽകുന്ന സദ്ഗുണമാണ് നീതിയെങ്കിൽ.... മനുഷ്യൻ സത്യദൈവത്തെ തള്ളിക്കളയുമ്പോൾ അവന്റെ നീതി എവിടെയാണ്?" എന്നിങ്ങനെ വിശുദ്ധ ആഗസ്തീനോസ് ചോദിക്കുന്നു. (ദൈവനഗരം XIX, 21)

**അനീതിയുടെ കാരണമെന്ത്?**

യേശുവിന്റെ കാലത്ത് ശുദ്ധം, അശുദ്ധം എന്നിവയെ സംബന്ധിച്ചുണ്ടായ വിവാദത്തിനിടയിൽ യേശു പറഞ്ഞ വാക്കുകൾ മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്: "പുറമേ നിന്ന് ഉള്ളിലേയ്ക്കു കടന്ന്, ഒരുവനെ അശുദ്ധനാക്കാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ, ഉള്ളിൽ നിന്നു പുറപ്പെടുന്നവയാണ് അവനെ അശുദ്ധനാക്കുന്നത്....ഒരുവന്റെ ഉള്ളിൽ നിന്ന് പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ് തിന്മ നിറഞ്ഞ വിചാരങ്ങൾ പുറപ്പെടുന്നത്" (മർക്കോ7:14-15, 20-21). ഭക്ഷണത്തെക്കുറിച്ചുള്ള പ്രത്യക്ഷമായ പ്രശ്നത്തിനപ്പുറത്ത്, ഫരിസേയരുടെ പ്രതികരണത്തിൽ നിന്ന് ഒരു വസ്തുത കണ്ടെത്താനാവും. മനുഷ്യനിലുള്ള ഒരു സ്ഥിരപ്രലോഭനമാണത്. തിന്മയുടെ ഉൽപത്തി ബാഹ്യമായ ഒരു കാരണത്തിൽ നിന്നാണെന്ന് സ്ഥാപിക്കാനുള്ള പ്രലോഭനംതന്നെ. ആധുനികങ്ങളായ അനേകം പ്രത്യയശാസ്ത്രങ്ങളുടെ അഗാധതയിൽ യുക്തിഹീനമായ ഈ ധാരണയുണ്ട്. അതായത്, അനീതി പുറമേ നിന്നു വരുന്നതുകൊണ്ട്, നീതി നടപ്പാക്കാൻ, നീതി നേടുന്നതിൽ നിന്നു തടയുന്ന ബാഹ്യകാരണങ്ങളെ മാറ്റിക്കളഞ്ഞാൽ മതിയെന്ന് അവ സങ്കല്പിക്കുന്നു. ഇത്തരത്തിലുള്ള ചിന്ത നിഷ്കളങ്കമെന്നു തോന്നാമെങ്കിലും ദീർഘവീക്ഷണമില്ലാത്തതാണെന്ന് യേശു മുന്നറിയിപ്പു നൽകുന്നു. തിന്മയുടെ ഫലമായ അനീതിക്ക് ബാഹ്യമായ വേരുകൾ മാത്രമല്ല ഉള്ളത്. അതിന്റെ ഉറവിടം മനുഷ്യഹൃദയത്തിലാണ്. അവിടെ തിന്മയോടുള്ള നിഗൂഢസഹകരണത്തിന്റെ വിത്തുകൾ കണ്ടെത്താം. സങ്കീർത്തകൻ തീവ്രവേദനയോടെ ഈ സത്യം തിരിച്ചറിയുന്നുണ്ട്: "പാപത്തോടെയാണ് ഞാൻ പിറന്നത്, അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്" (സങ്കീ. 51.5). യഥാർത്ഥത്തിൽ, തീവ്രതയാർന്ന ഒരു സ്വാധീനശക്തിയാൽ മനുഷ്യൻ ദുർബലനാക്കപ്പെടുന്നുണ്ട്. മറ്റുള്ളവരുമായി കൂട്ടായ്മയിലാകാനുള്ള അവന്റെ ശക്തിയെ അതു മുറിപ്പെടുത്തുന്നു. പ്രകൃത്യാ സ്വതന്ത്രമായി പങ്കുവയ്ക്കാൻ മനുഷ്യൻ സന്നദ്ധനാണ്. എന്നാൽ അവനു തന്നിൽത്തന്നെ ഒരു അപരിചിതശക്തിയുടെ ഭാരമനുഭവപ്പെടുന്നു. അത് അവനെ തന്നിലേക്കു തന്നെ തിരിക്കുന്നു; മറ്റുള്ളവർക്കെതിരായും അവർക്ക് ഉപരിയായും സ്വയം പ്രതിഷ്ഠിക്കുന്നു: ഇത് "സ്വാർത്ഥത"യാണ്

(egoism) ആദിപാപത്തിന്റെ ഫലമാണ്. ആദവും ഹവ്വയും സാത്താന്റെ നുണ യാൽ പ്രലോഭിപ്പിക്കപ്പെട്ടു. ദൈവകൽപന ലംഘിച്ച് ഫലം പറിച്ചെടുത്തു. ദിവ്യസ്നേഹത്തിൽ വിശ്വസിക്കുകയെന്ന യുക്തിക്കു പകരം സംശയത്തി ന്റെയും മത്സരത്തിന്റെയും യുക്തി സ്വീകരിച്ചു. പരനിൽ നിന്ന്, ദൈവത്തിൽ നിന്ന്, സ്വീകരിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്ന യുക്തിക്കു പകരം ഉത്കണ്ഠയോടെ പിടിച്ചെടുക്കലിന്റെയും സ്വന്തം തീരുമാനമനുസരിച്ചു പ്രവർത്തിക്കലിന്റെയും യുക്തി സ്വീകരിച്ചു (cf. ഉത്പ. 31:1-6). അതിന്റെ ഫലമായി അസ്വസ്ഥതയും അനിശ്ചിതത്വവുമുണ്ടായി. സ്വാർത്ഥയുടെ ഈ സ്വാധീനത്തിൽ നിന്ന് സ്വതന്ത്രനാകാനും സ്നേഹത്തോട് തുറവിയുള്ളവ നാകാനും എങ്ങനെ മനുഷ്യനു സാധിക്കും?

**നീതിയും "സെദഖ"യും**

"ചാരക്കൂനയിൽ നിന്ന് ആവശ്യത്തിൽപ്പെട്ടവരെ സമുദ്ധരിക്കുന്ന" (സങ്കീ.113:7) ദൈവത്തിനുള്ള വിശ്വാസവും അയൽക്കാരനോടുള്ള നീതി നിർവ്വഹണവും തമ്മിൽ അഗാധമായ ഒരു ബന്ധമുണ്ട്. അത് ഇസ്രായേലി നുള്ള ജ്ഞാനത്തിന്റെ കേന്ദ്രത്തിൽ നാം കണ്ടെത്തുന്നു. ഹീബ്രുവിൽ നീതി യെന്ന സദ്ഗുണത്തെ സൂചിപ്പിക്കുന്നപദം സെദഖാ എന്നാണ്. ആ പദം ആ ബന്ധത്തെ നന്നായി വ്യക്തമാക്കുന്നുണ്ട്. യഥാർത്ഥത്തിൽ സെദഖാ എന്ന പദം ഒരുവശത്ത്, ഇസ്രായേലിന്റെ ദൈവത്തിന്റെ ഇഷ്ടത്തെ പൂർണ മായി സ്വീകരിക്കുന്നതിനെ സൂചിപ്പിക്കുന്നു. മറുവശത്ത് അത് അയൽക്കാര നോടുള്ള ബന്ധത്തിൽ ധാർമ്മികനീതിയെ സൂചിപ്പിക്കുന്നു (cf. പുറ. 20:12-17). പ്രത്യേകിച്ച്, ദരിദ്രരോടും പരദേശികളോടും അനാഥരോടും വിധ വകളോടുമുള്ള ബന്ധത്തിൽ പാലിക്കേണ്ട ധാർമ്മികനീതിയെ സൂചിപ്പി ക്കുന്നു (cf. നിയമാ. 10:18-19). എന്നാൽ ഈ രണ്ട് അർത്ഥങ്ങളും പരസ്പ രബന്ധിതങ്ങളാണ്. എന്തെന്നാൽ, ഇസ്രായേൽക്കാരെ സംബന്ധിച്ചിട ത്തോളം ദരിദ്രർക്ക് നൽകുകയെന്നത് തന്റെ ജനത്തിന്റെ ദുരിതം കണ്ട് മന സ്സലിയുന്ന ദൈവത്തിന് തിരിച്ചു കൊടുക്കലല്ലാതെ മറ്റൊന്നുമല്ല. സീനായ് മലയിൽ വച്ച് മോശയ്ക്ക് നിയമത്തിന്റെ കല്പ്പലകകൾ നൽകിയത് ജനം ചെങ്കടൽ കടന്നതിനുശേഷമാണ്. ഇത് ആകസ്മികസംഭവമല്ല. നിയമം കേൾക്കുന്നതിനുള്ള മുൻവ്യവസ്ഥയാണ് ദൈവത്തിലുള്ള വിശ്വാസം. അവിടന്ന് ആദ്യം തന്റെ ജനത്തിന്റെ വിലാപം ശ്രവിക്കുകയും ഈജിപ്തു കാരുടെ കരങ്ങളിൽ നിന്ന് അവരെ വിമോചിപ്പിക്കാൻ ഇറങ്ങി വരുകയും ചെയ്തവനാണ് (cf. പുറ. 3:8). ദൈവം ദരിദ്രരുടെ വിലാപം ശ്രദ്ധിച്ചു കേൾക്കുന്നവനാണ്. പകരമായി തന്നെ ശ്രവിക്കാൻ ആവശ്യപ്പെടുന്നവനു മാണ്. ദരിദ്രരോടും (cf. പ്രഭാ. 4:4-5, 8-9). പരദേശികളോടും (cf. പുറ. 22:20). അടിമകളോടും (cf. നിയമാ. 15:12-18). നീതി കാണിക്കാൻ അവി ടന്ന് ആവശ്യപ്പെടുന്നു. നീതിയിലേക്കു പ്രവേശിക്കാൻ, അങ്ങനെ, സ്വയം

പര്യാപ്തതയുടെ മിഥ്യാബോധത്തിൽ നിന്നു പുറത്തുവരുക അത്യാവശ്യമാണ്. ആ മിഥ്യാബോധം അടച്ചുപൂട്ടിയിരിക്കുന്നതിന്റെ ആഴമുള്ള അവസ്ഥയാണ്. അതുതന്നെയാണ് അനീതിയുടെ ഉറവിടം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, മോശവഴി ദൈവം പൂർത്തിയാക്കിയ "പുറപ്പാടി"നെക്കാൾ ആഴമുള്ള ഒരു പുറപ്പാടാണ് ആവശ്യമായിരിക്കുന്നത്; ഹൃദയത്തിന്റെ വിമോചനമാണ് ആവശ്യമായിരിക്കുന്നത്. ഇത് നിയമത്തിന് സ്വയം സാധിക്കാൻ കഴിയുകയില്ല. അപ്പോൾ, മനുഷ്യന് നീതി പ്രതീക്ഷിക്കാനാവുമോ?

**ക്രിസ്തു: ദൈവത്തിന്റെ നീതി**

വി. പൗലോസ് റോമാക്കാർക്കുള്ള ലേഖനത്തിൽ ഉറപ്പിച്ചു പറയുന്നതുപോലെ, നീതിക്കുവേണ്ടിയുള്ള മനുഷ്യന്റെ ദാഹത്തോട് ക്രൈസ്തവ സുവിശേഷം ഭാവാത്മകമായി പ്രത്യുത്തരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "നിയമവും പ്രവാചകന്മാരും സാക്ഷ്യപ്പെടുത്തിയിട്ടുള്ള ദൈവനീതി നിയമത്തിലൂടെയല്ലാതെ ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു. ഈ ദൈവനീതി വിശ്വസിക്കുന്ന എല്ലാവർക്കും, ആരെന്നുള്ള വ്യത്യാസം കൂടാതെ, യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി ലഭിക്കുന്നതാണ്. എന്തെന്നാൽ ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവമഹത്ത്വത്തിന് അയോഗ്യരായി. അവർ അവിടത്തെ കൃപയാൽ യേശുക്രിസ്തു വഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതീകരിക്കപ്പെടുന്നു. വിശ്വാസം വഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചു തന്നു" (റോമ. 3:21-25). അപ്പോൾ ക്രിസ്തുവിന്റെ നീതി എന്താണ്? സർവോപരി അത് ദൈവകൃപയിൽ നിന്നു വരുന്ന നീതിയാണ്. അവിടെ മനുഷ്യനല്ല പരിഹാരം ചെയ്യുന്നതും തന്നെയും മറ്റുള്ളവരെയും സുഖപ്പെടുത്തുന്നതും. ക്രിസ്തുവിന്റെ "രക്ത"ത്തിൽ നിന്നാണ് "പാപപരിഹാരം" പ്രവഹിക്കുന്നത്. ഈ വസ്തുത ഒരു കാര്യം വ്യക്തമാക്കുന്നു. അതായത്, മനുഷ്യനെ അവന്റെ കുറ്റങ്ങളുടെ ഭാരത്തിൽ നിന്നു സ്വതന്ത്രനാക്കുന്നത് മനുഷ്യന്റെ ബലികളല്ല, പിന്നെയോ ദൈവത്തിന്റെ സ്നേഹപൂർണമായ പ്രവൃത്തിയാണ്. അവിടന്ന് അങ്ങേയറ്റം സ്വയം തുറക്കുന്നവനാണ്. മനുഷ്യൻ മൂലമുണ്ടായ "ശാപം" സ്വയം വഹിക്കുകപോലും ചെയ്തവനാണ്. മനുഷ്യനു അർഹതപ്പെട്ട ശാപത്തിനു പകരമായി ദൈവത്തിന് അർഹതപ്പെട്ട അനുഗ്രഹം മനുഷ്യനു നൽകാൻ വേണ്ടിയാണ് അവിടന്ന് അങ്ങനെ ചെയ്തത് (cf. ഗലാ 3:13-14). എന്നാൽ ഇത് പെട്ടെന്നുള്ള ഒരു എതിർവാദം ഉണർത്താം: ഇത് എന്തു നീതിയാണ്? കുറ്റക്കാരനുവേണ്ടി നീതിമാൻ മരിക്കുകയും നീതിമാന് അർഹതപ്പെട്ടിരുന്ന അനുഗ്രഹം കുറ്റക്കാരൻ പകരം സ്വീകരിക്കുകയും ചെയ്യുന്നല്ലോ. ഓരോരുത്തനും തനിക്ക് അർഹതപ്പെട്ടതിനു വിരുദ്ധമായിട്ടുള്ളത് സ്വീകരിക്കുന്നുവെന്നല്ലേ ഇതിനർത്ഥം?

യഥാർത്ഥത്തിൽ ഇവിടെ നാം ദൈവികനീതി കണ്ടെത്തുന്നു. അത്

മാനുഷിക നീതിയിൽ നിന്നു അത്യധികം വ്യത്യസ്തമാണ്. നമ്മൾ കൊടുക്കേണ്ട വില ദൈവം തന്റെ പുത്രനിൽ നൽകിയിരിക്കുന്നു. ആ വിലയാകട്ടെ യഥാർത്ഥത്തിൽ ക്രമാധികമായിട്ടുള്ളതാണ്. കുരിശിന്റെ നീതിക്കുമുമ്പിൽ മനുഷ്യൻ കലഹിച്ചേക്കാം. എന്തെന്നാൽ, മനുഷ്യൻ സ്വയം പര്യാപ്തനല്ലെന്ന് ഇതു വെളിവാക്കുന്നു. തന്നെത്തന്നെ സാക്ഷാത്കരിക്കുന്നതിന് അവന് ദൈവത്തിന്റെ ആവശ്യമുണ്ട്. സുവിശേഷത്തിൽ വിശ്വസിച്ചുകൊണ്ട് ക്രിസ്തുവിലേയ്ക്കു തിരിയുകയെന്നതിന്റെ ആത്യന്തികമായ അർത്ഥമിതാണ്: സ്വയം ആവശ്യം - മറ്റുള്ളവർക്കും ദൈവത്തിനും വേണ്ടിയുള്ള ആവശ്യം, ദൈവത്തിന്റെ ക്ഷമയ്ക്കും സൗഹൃദത്തിനും വേണ്ടിയുള്ള ആവശ്യം - കണ്ടെത്താനും സ്വീകരിക്കാനും വേണ്ടി സ്വയം പര്യാപ്തതയുടെ മിഥ്യാബോധത്തിൽ നിന്ന് പുറത്തുപോവുക.

അങ്ങനെ, നമുക്ക് ഒരു വസ്തുത മനസ്സിലാകുന്നു. അതായത്, സ്വാഭാവികവും പ്രസാദകരവും പ്രത്യക്ഷവുമായ വസ്തുതയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് വിശ്വാസമെന്ന കാര്യം മനസ്സിലാകുന്നു: "എന്റേതിൽ" നിന്ന് എന്നെ സ്വതന്ത്രനാക്കാനും "ദൈവത്തിന്റേത്" എനിക്കു ദാനമായി നൽകപ്പെടാനും ദൈവത്തെ എനിക്കാവശ്യമുണ്ട്. ഇത് സവിശേഷമാംവിധം സംഭവിക്കുന്നത് അനുരഞ്ജനം, ദിവ്യകാരുണ്യം എന്നീ കൂദാശകളിലാണ്. ക്രിസ്തുവിന്റെ പ്രവൃത്തിയുടെ ഫലമായി സ്നേഹത്തിന്റേതായ "ഏറ്റവും വലിയ" നീതിയിലേക്ക് നമുക്കു പ്രവേശിക്കാനാവും (cf. റോമ 13:8-10). ഓരോ കാര്യത്തിലും കടം കൊടുക്കുന്നവൻ എന്നതിലേറെ കടം വാങ്ങിയവനെന്ന് സ്വയം കണ്ടെത്തുന്ന നീതിയാണത്. എന്തെന്നാൽ പ്രതീക്ഷിക്കാനാവുന്നതിലേറെ അതു സ്വീകരിക്കുന്നു. ഈ അനുഭവത്താൽ ശക്തരാക്കപ്പെട്ട്, നീതിപൂർവ്വകമായതും, മനുഷ്യവ്യക്തിക്കുള്ള മഹത്ത്വത്തിനു ചേർന്നവിധം ജീവിക്കാൻ ആവശ്യമായവ എല്ലാവരും സ്വീകരിക്കുന്നതും, സ്നേഹത്താൽ നീതി സജീവമാക്കപ്പെടുന്നതുമായ സമൂഹങ്ങളെ സൃഷ്ടിക്കാൻ വേണ്ടി പ്രവൃത്തിക്കാൻ ക്രൈസ്തവൻ പ്രചോദിപ്പിക്കപ്പെടുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, വലിയ നോമ്പ് പെസഹാത്രിദിനത്തിൽ പൂർണതയിലെത്തുന്നു. അതിൽ ഈ വർഷവും പരസ്നേഹത്തിന്റെയും ദാനത്തിന്റെയും രക്ഷയുടെയും ദൈവിക നീതി നമുക്ക് ആഘോഷിക്കാം. അനുതാപത്തിന്റെ ഈ കാലഘട്ടം ഓരോ ക്രൈസ്തവനും യഥാർത്ഥ മാനസാന്തരത്തിന്റെയും എല്ലാ നീതിയും പൂർത്തിയാക്കാൻ വന്ന ക്രിസ്തു എന്ന രഹസ്യത്തെക്കുറിച്ചുള്ള തീവ്രമായ അറിവിന്റെയും കാലമായിരിക്കട്ടെ. ഈ വികാരങ്ങളോടെ നിങ്ങൾക്ക് എല്ലാവർക്കും എന്റെ അപ്പസ്തോലികാശീർവാദം ഹൃദയപൂർവ്വം ഞാൻ നൽകുന്നു.

വത്തിക്കാനിൽ നിന്ന് 30 ഒക്ടോബർ 2009

**ബനഡിക്ട് പതിനാറാമൻ മാർപാപ്പ**

# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

### നമ്മുടെ വിചിന്തനത്തിന്

"തിരുപ്പട്ടംവഴി സ്വീകരിച്ച ആദ്ധ്യാത്മികവരം വൈദികരെ ഒരുക്കുന്നത് സങ്കുചിതവും പരിമിതവുമായ ഒരു ദൗത്യത്തിന് വേണ്ടിയല്ല പ്രത്യുത, വിശാലമായ, ഭൂമിയുടെ സീമകളോളംതന്നെ വിസ്തൃതമായ സാർവ്വത്രിക രക്ഷാദൗത്യത്തിന് വേണ്ടിയാണ്....എല്ലാ പുരോഹിതരും യഥാർത്ഥത്തിൽ പങ്കുവഹിക്കുന്ന ക്രിസ്തുവിന്റെ പൗരോഹിത്യം എല്ലാ കാലത്തേക്കും, എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്... ഈ പൗരോഹിത്യം കാലദേശങ്ങളുടെയും രക്തബന്ധത്തിന്റെയും പരിധിയിൽ ഒതുങ്ങിനിൽക്കുന്നില്ല... അതിനാൽ ദൈവവിളികൾ കൂടുതലുള്ള രൂപതകളിലെ വൈദികർ മെത്രാന്റെ അനുവാദമോ അഭ്യർത്ഥനയോ അനുസരിച്ച് വൈദികരുടെ അഭാവത്തിൽ വിഷമിക്കുന്ന സ്ഥലങ്ങളിലോ മിഷൻ പ്രദേശങ്ങളിലോ, പ്രവർത്തനരംഗങ്ങളിലോ സ്വമനസ്സാ സേവനം ചെയ്യാൻ സന്നദ്ധതയുള്ളവരാണെന്ന് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കണം" (രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രമാണരേഖ "വൈദികർ –10). കൗൺസിലിന്റെ പഠനങ്ങൾ നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം.

### അഖണ്ഡ ആരാധന നടത്തേണ്ട സ്ഥലങ്ങൾ

| Date | Name of Parish / Institution |
|---|---|
| April 5 | CMC Convent, Valavayal |
| " 6 | DC Convent, Valavayal |
| " 7 | SKD Convent, Vilambukandam |
| " 8 | SD Convent, Chokkad |
| " 9 | SKD Convent, Edivanna |
| " 10 | FC Convent, Muttiel |
| " 11 | MSMI Convent, Nilambur |
| " 12 | SSJT (Tarbes) Convent, Nilambur |
| " 13 | SRA Convent, Pookkottumpadam |
| " 14 | FC Convent, Poolapadam |
| " 15 | CMC Convent, Rubynagar |
| " 16 | RA Convent, Thelpara |
| " 17 | FC Convent, Vadapuram |
| " 18 | SABS Convent, Appapara |
| " 19 | DPM Convent, Arattuthara |
| " 20 | FSP Convent, Arathuthara |
| " 21 | CMC Convent, Edayoorkunnu |
| " 22 | SKD Convent, Kammana |
| " 23 | CMC Convent, Kartikulam |
| " 24 | SH Convent, Kartikulam |
| " 25 | O.Carm. House, Kartikulam |
| " 26 | Jayamatha, Kartikulam |
| " 27 | Karunabhavan, Kartikulam |
| " 28 | FC Convent, Martinnagar |
| " 29 | SCV Generalate, Martinnagar |
| " 30 | SJL Convent, Martinnagar |

**ഫാ. ബെന്നി മുതിരക്കാലായിൽ**
കൺവീനർ, വൈദീകവർഷാചരണ കമ്മിറ്റി

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

മാർച്ച് 19 -ാം തീയതി വി. യൗസേപ്പിതാവിന്റെ ഓർമ്മതിരുനാൾ തിരുസഭ ആചരിക്കുകയാണല്ലോ. ഉണ്ണിയീശോയെയും പരി. മറിയത്തേയും കാത്തു സംരക്ഷിച്ച ആ പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് മാനന്തവാടി രൂപതയെയും ഇവിടുത്തെ ദൈവജനത്തേയും കാത്തുപരിപാലിക്കാനുള്ള ശക്തിയും കൃപയും ലഭിക്കുവാൻ വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥം നമുക്കു പ്രാർത്ഥിക്കാം. നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ രൂപതമുഴുവനുംവേണ്ടി സ്നേഹപൂർവ്വം അഭിവന്ദ്യപിതാവിന് ആശംസിക്കുന്നു. കൂടാതെ യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാ വൈദികരെയും നമ്മുടെ പ്രാർത്ഥനകളിൽ അന്നേദിവസം പ്രത്യേകം സ്മരിക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ ആശംസകൾ.

**അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം**

ഏപ്രിൽ 4- ഞായറാഴ്ച അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 4-ാം ചരമവാർഷികമാണ്. അന്നേദിവസം വിശുദ്ധബലിയിലും പ്രാർത്ഥനയിലും അഭിവന്ദ്യ പിതാവിനെ നമുക്ക് അനുസ്മരിക്കാം.

**മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതിയാണല്ലോ. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ രാവിലെ 11.15 ന് പിതാവിനു വേണ്ടിയുള്ള തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നേതൃത്വം വഹിക്കുന്നതാണ്. സാധിക്കുന്ന വൈദികരും

സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ എല്ലാ ഇടവകകളിലും ഇടവക ചെലവിൽ പിതാവിനുവേണ്ടി വി. കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**സ്നേഹസ്മരണ**

ബഹു. ഫ്രാൻസീസ് വാളായിലച്ചന്റെ ചരമദിനം മാർച്ച് 10-ാം തീയതിയാണ്. അന്നേദിവസം വിശുദ്ധബലിയിലും പ്രാർത്ഥനയിലും അച്ചനെ നമുക്ക് അനുസ്മരിക്കാം.

**കൂരിയ അവധി**

മാർച്ച് 27 മുതൽ ഏപ്രിൽ 9 വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിനന്ദനങ്ങൾ**

തൃശ്ശൂർ മേരിമാതാ മേജർസെമിനാരിയുടെ വൈസ് റെക്ടറായി നിയമിതനായിരിക്കുന്ന ബഹു. അബ്രാഹം നെല്ലിക്കലച്ചന് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**മൈനർ ഓർഡേഴ്സ്**

നമ്മുടെ രൂപതയ്ക്കായി വിവിധമേജർ സെമിനാരികളിൽ ദൈവശാസ്ത്രം പഠിച്ചുകൊണ്ടിരിക്കുന്ന വൈദീകവിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് മാർച്ച് 31-ന് ബുധനാഴ്ച രാവിലെ 7 മണിക്ക് മാനന്തവാടി രൂപതാ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു.

**മേജർ സെമിനാരിക്കാരുടെ സമ്മേളനം**

ഇക്കൊല്ലം മേജർ സെമിനാരിക്കാരുടെ സമ്മേളനം ഏപ്രിൽ 25-ാം തീയതി വൈകുന്നേരം 6 മണി മുതൽ 29-ാം തീയതി വരെയായിരിക്കും.

**അവധിക്കാലത്ത് മേജർ സെമിനാരിക്കാരുടെ സേവനം**

ഏപ്രിൽ - മെയ് മാസങ്ങളിൽ ഇടവകകളിൽ കുട്ടികൾക്ക് ക്യാമ്പുകളും സെമിനാറുകളും നടത്തുന്നതിനായും ആദ്യകുർബാന, സ്ഥൈര്യലേപനം എന്നിവയ്ക്ക് ഒരുക്കുന്നതിനുമായി നമ്മുടെ മേജർ സെമിനാരിക്കാർ ഒരുക്കമാണ്. ഇടവകകളിൽ ക്യാമ്പുകളും സെമിനാറുകളും നടത്തുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി മേജർ സെമിനാരിക്കാരുടെ Contact Person രൂപതാ വികാരിജനറാളെ അറിയിക്കേണ്ടതാണ്.

**പാസ്റ്ററൽ കൗൺസിൽ**

രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2010 മാർച്ച് 27-ന് ശനിയാഴ്ച രാവിലെ 10 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ കത്തു വഴി അറിയിച്ചിട്ടുണ്ട്.

## സീറോ മലബാർ മിഷൻഞായർ

സീറോ മലബാർ സഭയുടെ മിഷൻപ്രവർത്തനങ്ങളെ സഹായിക്കുവാനായുള്ള സീറോമലബാർ മിഷൻഞായർ പിരിവെടുക്കേണ്ടത് ജനുവരി 3 നായിരുന്നു. ഇക്കാര്യം നേരത്തെ അറിയിക്കാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. സൗകര്യപ്രദമായ ഒരു ഞായറാഴ്ച പിരിവെടുത്ത് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## Appointments

| | | |
|---|---|---|
| Rev. Fr. Siby Thadathil O.Praem | - | Asst. - Adackathode |
| Rev. Fr. Renin Chandrankunnel O.Praem | - | Asst.-Ambalavayal |
| Rev. Fr. Thomas Olickal MCBS | - | Priest- in- Charge - Kalpra |

## വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 11 -ാം തീയതി ഞായറാഴ്ച നടത്തേണ്ടതാണ്. വാർഡ് പ്രതിനിധികളെ രണ്ടു വർഷത്തേയ്ക്കാണല്ലോ തിരഞ്ഞെടുക്കുന്നത്. അതിനാൽ കഴിഞ്ഞ വർഷം തിരഞ്ഞെടുപ്പ് നടത്താത്ത സ്ഥലങ്ങളിൽ രണ്ടു വർഷത്തേയ്ക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്. സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot. No. 6414/2008 ൽ പറഞ്ഞിട്ടുണ്ട്. അതിലെ ചില കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. സഭാശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതുതരത്തിൽപ്പെട്ടവരായാലും ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റുകൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവർ ആകണം.

- ❖ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.
- ❖ ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.
- ❖ സീറോ മലബാർ സഭയുടെ പള്ളിയോഗ നടപടി ക്രമം 6.1.1 അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.
- ❖ കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി

രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പു സഹിതം കഴിഞ്ഞ വർഷം ചെയ്തതുപോലെ തന്നെ അയച്ചു തരേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചനും തെരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരും സാക്ഷികളും ഒപ്പിട്ട പ്രതിജ്ഞാപത്രം രൂപതാ കേന്ദ്രത്തിൽ എത്തിക്കാതെ പൊതുയോഗ തീരുമാനം പാസ്സാക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

❖ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുമ്പായി മേൽപ്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപ്പിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

❖ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

**ഓഡിറ്റിംഗ്**

കഴിഞ്ഞ വർഷം ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപത വഴി വിദേശ സഹായം കിട്ടിയവരും അവയുടെ കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കു ശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിയ്ക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടെയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലൊ. 12 A യുടെ ഒറിജിനൽ ഫോറം ബിഷപ്സ് ഹൗസിൽ ഏൽപ്പിക്കാത്തവർ ഓഡിറ്റിംഗിന് വരുമ്പോൾ അത് മറക്കാതെ കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

**ചുങ്കക്കുന്ന് & കൽപ്പറ്റ ഫൊറോനകൾ**
**ഏപ്രിൽ 19 തിങ്കൾ ബിഷപ്സ് ഹൗസിൽ**

**രാവിലെ 9 മണി മുതൽ**

അടയ്ക്കാത്തോട്, അമ്പായത്തോട്, ചുങ്കക്കുന്ന്, കേളകം, കൊട്ടിയൂർ, നെല്ലിയോടി, ഒറ്റപ്ലാവ്, പാൽചുരം, ശാന്തിഗിരി, വെള്ളൂന്നി.

**ഉച്ചകഴിഞ്ഞ് 2 മുതൽ**

ചാരിറ്റി, എടപ്പെട്ടി, കൽപ്പറ്റ, കൊളവയൽ, ലക്കിടി, നെടുമ്പാല, ഒലിവുമല, റിപ്പൺ, തെനേരി, വാഴവറ്റ, വൈത്തിരി,
*ചൂരൽമല, കുന്നംബറ്റ, പുഴമുടി (Independent stations).*

**കല്ലോടി ഫൊറോന ഏപ്രിൽ 20 ചൊവ്വ ബിഷപ്സ് ഹൗസിൽ**

**രാവിലെ 9 മുതൽ**

ചുള്ളിയാന, ദീപ്തിഗിരി, ദ്വാരക, കല്ലോടി, കരിമ്പിൽ, കാരയ്ക്കാമല, കൊമ്മയാട്, കുഞ്ഞോം, മക്കിയാട്, മംഗലശ്ശേരി.

**ഉച്ചകഴിഞ്ഞ് 2 മുതൽ**

മൊതക്കര, നിരവിൽപുഴ, വെള്ളമുണ്ട് (ഒഴുക്കൻമൂല), പുതുശ്ശേരി, പുതിയിടംകുന്ന്, തോണിച്ചാൽ, വഞ്ഞോട്, *ജൂഡ്സ്മൗണ്ട് (Independent station)*

**മാനന്തവാടി ഫൊറോന ഏപ്രിൽ 21 ബുധൻ ബിഷപ്സ് ഹൗസിൽ**

**രാവിലെ 9 മുതൽ**

ആലാറ്റിൽ, ബോയ്സ് ടൗൺ, ഏലപ്പീടിക, കരിമാനി, കുറ്റിമൂല, മാനന്തവാടി കത്തീഡ്രൽ, മാനന്തവാടി ടൗൺ, മുതിരേരി, പാറത്തോട്ടം, പേരിയ, പോരൂർ.

**ഉച്ചകഴിഞ്ഞ് 2 മുതൽ**

പ്രശാന്തഗിരി, പുതിയിടം, തലപ്പുഴ, തവിഞ്ഞാൽ, വാളാട്, വലിയകൊല്ലി,
*യവനാർകുളം (Independent station).*

**മുള്ളൻകൊല്ലി ഫൊറോന ഏപ്രിൽ 22 വ്യാഴം ബിഷപ്സ് ഹൗസിൽ**

**രാവിലെ 9 മുതൽ**

ആടിക്കൊല്ലി, അമരക്കുനി, ഇരുളം, കബനിഗിരി, മരകാവ്, മരക്കടവ്, മുള്ളൻകൊല്ലി, പാടിച്ചിറ, പട്ടാണിക്കൂപ്പ്, പുൽപ്പള്ളി, സീതാമൗണ്ട്, ശിശുമല.

**നടവയൽ ഫൊറോന ഏപ്രിൽ 23 വെള്ളി ബിഷപ്സ് ഹൗസിൽ**

**രാവിലെ 9 മുതൽ**

അരിഞ്ചേർമല, ചെറുകാട്ടൂർ, ചുണ്ടക്കര, കല്ലുവയൽ, കണിയാമ്പറ്റ, കേണിച്ചിറ, നടവയൽ, നെയ്ക്കുപ്പ, പറളിക്കുന്ന്, വാളവയൽ, വിളമ്പുകണ്ടം.

**പയ്യംപള്ളി ഫൊറോന ഏപ്രിൽ 26 തിങ്കൾ ബിഷപ്സ് ഹൗസിൽ**

**രാവിലെ 9 മുതൽ**

അപ്പപ്പാറ, ആറാട്ടുതറ, ബാവലി, എടയൂർകുന്ന്, കമ്മന, കാട്ടിക്കുളം, മാർട്ടിൻനഗർ, പടമല, പനവല്ലി, പയ്യമ്പള്ളി, തൃശ്ശിലേരി.

**സു.ബത്തേരി ഫൊറോന ഏപ്രിൽ 27 ചൊവ്വ ബിഷപ്സ് ഹൗസിൽ**

**രാവിലെ 9 മുതൽ**

അമ്പലവയൽ, ചിത്രഗിരി, ചുള്ളിയോട്, കടൽമാട്, കല്ലുമുക്ക്, കരണി, മീനങ്ങാടി, പഴൂർ, സു.ബത്തേരി, തോമാട്ടുചാൽ, വടക്കനാട്, വാകേരി, മൂലങ്കാവ്.

**തരിയോട് ഫൊറോന ഏപ്രിൽ 28 ബുധൻ ബിഷപ്സ് ഹൗസിൽ**

**രാവിലെ 9 മുതൽ**

ചെന്നലോട്, കാവുംമന്ദം, കോട്ടത്തറ, കുറുമ്പാല, കുറുമണി, മംഗളം, മഞ്ഞൂറ, പുതുശ്ശേരിക്കടവ്, തരിയോട്, *പന്തിപ്പൊയിൽ (Independent stations)*

**ഗൂഡല്ലൂർ റീജിയൺ ഏപ്രിൽ 29 വ്യാഴം അരുൾനിലയം**

**രാവിലെ 9 മുതൽ**

അരുൾനിലയം, ബെക്കി, ബർലിയാർ, കൂനൂർ, ധർമ്മഗിരി, കൽപ്ര, കയ്യൂന്നി, കുന്നലാടി, മച്ചിക്കൊല്ലി, മണ്ണുവയൽ, പനംചിറ, വിമലഗിരി, *ആറാട്ടുപാറ, അറുവൻകാട് (Independent stations)*

**മണിമൂളി, നിലമ്പൂർ ഫൊറോനകൾ**
**ഏപ്രിൽ 30 വെള്ളി മണിമൂളി പാസ്റ്ററൽസെന്റർ**

**രാവിലെ 9 മുതൽ**

ഭൂദാനം, മണിമൂളി, മുണ്ടേരി, നരിവാലമുണ്ട, ഞാറപ്പാടം, പാലാങ്കര, പാലേമാട്, പാതിരിപ്പാടം, തലഞ്ഞി, *മരുത (Independent station)* ചോക്കാട്, എടിവണ്ണ, മൂലേപ്പാടം, നിലമ്പൂർ, പൂക്കോട്ടുംപാടം, പൂളപ്പാടം, റൂബിനഗർ, റ്റി. കെ. കോളനി, തേൾപാറ, വള്ളിക്കെട്ട്,
*മുട്ടിയേൽ (Independent station)*

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# *വിദ്യാഭ്യാസ സഹായനിധി*

മാനന്തവാടി രൂപത വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2010 ഏപ്രിൽ 5 ആണ്. അതിനുശേഷം യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഈ ബുള്ളറ്റിനൊപ്പമുള്ള അപേക്ഷാഫോറം ലഭിക്കാതെ വന്നാൽ വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ നിന്ന് പ്രസ്തുത ഫോറം വാങ്ങിക്കുമല്ലോ.

**അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

1) ഈ ബുള്ളറ്റിനോടൊപ്പം അയയ്ക്കുന്ന ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കോപ്പിയെടുത്ത് ഓരോ കുട്ടിക്കും, ഓരോ ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.
2) വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക കമ്മറ്റിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.
3) 2010-2011 അധ്യയനവർഷത്തിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായവരുടെ ലിസ്റ്റാണ് അയയ്ക്കേണ്ടത്.
4) കുട്ടിയുടെ പേര്, മാമ്മോദീസ പേര്, വീട്ടുപേര്, എന്നിവ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം.
5) ഓരോ ഇടവകയിൽ നിന്നും അഞ്ചു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടിയാണ് നൽകേണ്ടത്. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല. പണലഭ്യത അനുസരിച്ച് മാത്രമായിരിക്കും സഹായം ലഭിക്കുന്നത്.
6) 12-ാം ക്ലാസ് കഴിയാത്ത വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരെ ഉൾപ്പെടുത്താവുന്നതാണ്.

*അയയ്ക്കേണ്ട വിലാസം* :- The Secretary
Diocesan Education Aid Fund
Bishop's House, P. B. No.1
Mananthavady - 670 645

NB:- Education Aid Fund - ലേക്കുള്ള പിരിവ് തരാത്തവർ ദയവായി എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

## START COURSE ലേക്ക് സ്കോളർഷിപ്പ്

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന START (St. Thomas Academy for Research and Training) എന്ന പരിശീലന കേന്ദ്രത്തിൽ ഉപരിപഠനത്തിന് ഒരുക്കമായിട്ടുള്ള ഒരു വർഷത്തെ അടിസ്ഥാന പരിശീലനത്തിൽ സംബന്ധിക്കുവാൻ രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സഹായത്തോടെ പഠിക്കുകയും ഈ വർഷം പ്ലസ്ടു പാസ്സാകുകയും ചെയ്യുന്ന 10 പേർക്ക് അവസരമൊരുക്കുന്നു. ഇംഗ്ലീഷ്, കണക്ക്, ധനതത്വശാസ്ത്രം, ലോകചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, വ്യക്തിത്വ വികാസം, നിയമം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. അതോടൊപ്പം ധാർമ്മികതയിലും, ക്രിസ്ത്യൻ മൂല്യങ്ങളിലും അധിഷ്ഠിതമായ പരിശീലനമാണ് ഇവിടെ ലഭിക്കുന്നത്. ഈ കോഴ്സിനുശേഷം ലോ യൂണിവേഴ്സിറ്റികൾ, കേന്ദ്ര ഗവൺമെന്റിന്റെ ഹൈദരാബാദിലും, പോണ്ടിച്ചേരിയിലുമുള്ള സെൻട്രൻ യൂണിവേഴ്സിറ്റികൾ, മൈസൂറിലുള്ള ഓഡിയോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫൂഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇൻടഗ്രേറ്റഡ് BEd, എന്നീ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ, NDA, NID, IIT, VIT, IAS, IPS, ICAR, മെഡിസിൻ, എൻജിനിയറിംങ് ജേർണ്ണലിസം എന്നിവയുടെ എൻട്രൻസുകൾക്കും ഈ കോഴ്സ് ഉപകരിക്കുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന നിബന്ധനകൾ വായിച്ച് ഏപ്രിൽ 5-ന് മുൻപായി വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക.

മേൽവിലാസം :- Secretary, Diocesan Education Aid Fund
Bishop's House, P.B. No. 1, Mananthavady - 670 645

**നിബന്ധനകൾ:**

1. അപേക്ഷകർ മാനന്തവാടി രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സ്കോളർഷിപ്പ് സ്വീകരിച്ച് പഠിച്ചവരായിരിക്കണം.
2. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ എളുപ്പമുള്ളവരും പ്ലസ് ടു പാസ്സാകുമെന്ന് ഉറപ്പുള്ളവരുമായിരിക്കണം.
3. 10-ാം ക്ലാസ് മതബോധന ഡിപ്ലോമ കരസ്ഥമാക്കിയവരോ, പ്ലസ് ടു കഴിയാത്തവരാണെങ്കിൽ ഇപ്പോൾ മതബോധനത്തിൽ പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.
4. ബഹു. വികാരിയച്ചന്റെ ശുപാർശ നിർബന്ധമാണ്.
5. അപേക്ഷകർക്ക് interview ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സജി നെടുങ്കല്ലേൽ**
രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറി

# വൈദിക സമ്മേളനം
# (Priests' conference) റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദീകരുടെയും ഒരു സമ്മേളനം 2010 ജനുവരി 26-ാം തീയതി ചൊവ്വാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുകയുണ്ടായി. 10.30 ന് ബഹു. ജെറി ഓണംപള്ളി അച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോർജ് മൂലയിൽ ഏവർക്കും സ്വാഗതം ആശംസിക്കുകയും പുതുതായി രൂപീകരിക്കപ്പെട്ടിരിക്കുന്ന മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായ മോൺ. ജോർജ് ഞരളക്കാട്ടിനെ അനുമോദിച്ച് സംസാരിക്കുകയും ചെയ്തു. മെത്രാൻ പദവി ദൈവനിയോഗമാണെന്നും അതിനായി തമ്പുരാൻ അച്ചനെ ഒരുക്കുകയായിരുന്നുവെന്നും സഹോദര വൈദികരായ ഞങ്ങൾക്കെല്ലാവർക്കും അതിൽ ഏറെ സന്തോഷമുണ്ടെന്നും അച്ചൻ പറഞ്ഞു. ഒരു മെത്രാനുണ്ടായിരിക്കേണ്ട ഗുണഗണങ്ങളെക്കുറിച്ചും അച്ചൻ ഓർമ്മപ്പെടുത്തുകയുണ്ടായി. അധരത്തിൽ വചനം സൂക്ഷിക്കുന്നവനും നല്ല ജീവിതം നയിക്കുന്നവനും സൽകീർത്തിയുള്ളവനും എല്ലാവരുടെയും ഭാരം വഹിക്കുന്നവനും ഉപവിയുടെ ധാരാളിത്തമുള്ളവനുമായിരിക്കണം ഒരു മെത്രാനെന്ന് പാദുവായിലെ വി. അന്തോനീസിനെ ഉദ്ധരിച്ചുകൊണ്ട് അച്ചൻ സൂചിപ്പിച്ചു. അതോടൊപ്പം ഓരോ വൈദികനും മെത്രാന്റെ ഭാരം വഹിക്കുന്നവനായിരിക്കണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു.

തുടർന്ന് നിയുക്ത ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് തന്റെ മറുപടി പ്രസംഗത്തിൽ ആശംസകൾക്കും അനുമോദനങ്ങൾക്കും നന്ദി പറഞ്ഞു. മാണ്ഡ്യ ഒരു മിഷൻ രൂപതയാണെന്നും എല്ലാവരുടേയും സഹകരണവും പ്രാർത്ഥനാസഹായവും ആവശ്യമുണ്ടെന്നും ഏപ്രിൽ 7-ന് ഹിങ്കലിൽ വച്ച് നടക്കുന്ന മെത്രാഭിഷേക ചടങ്ങിലേയ്ക്ക് എല്ലാവരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നുവെന്നും പറഞ്ഞു.

തുടർന്ന് കേരള ലേബർ മൂവ്മെന്റ് സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസഫ് ജൂഡ് കെ.എൽ.എം. ന്റെ ലക്ഷ്യമെന്താണെന്ന് വിശദീകരിച്ചു. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നടത്തുന്ന ചില ക്ഷേമ പദ്ധതികളെക്കുറിച്ചും ഇൻഷുറൻസ് പദ്ധതികളെക്കുറിച്ചുമൊക്കെ തന്റെ പ്രഭാഷണത്തിൽ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. തൊഴിലാളികളുടെ നന്മയ്ക്ക് കെ.എൽ.എം. നെ ശക്തിപ്പെടുത്തേണ്ട ആവശ്യകതയും അദ്ദേഹം പ്രസംഗത്തിൽ എടുത്തുപറയുകയുണ്ടായി.

ബഹു. സെബാസ്റ്റ്യൻ ഏലംകുന്നേലച്ചൻ ശ്രീ. ജോസഫ് ജൂഡിന് നന്ദി പറഞ്ഞു.

ജാഗ്രതാസമിതിയുടെ ആവശ്യകതയെക്കുറിച്ചും വൈദിക വർഷത്തോടനുബന്ധിച്ച് അൽമായർ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന

തിനെക്കുറിച്ചും മാനന്തവാടി രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. തോമസ് ഏറണാട്ട് സംസാരിച്ചു.

മുംബൈയിൽ (Mumbai) വച്ച് കഴിഞ്ഞ ഒക്ടോബർ മാസത്തിൽ നടന്ന മിഷൻ കോൺഗ്രസിനെക്കുറിച്ച് മോൺ. ജോർജ് മൂലയിൽ സംസാരിച്ചു. 'ക്രിസ്തുവിനെ പ്രഘോഷിക്കാത്ത ക്രിസ്ത്യാനി ക്രിസ്ത്യാനിയേയല്ല' എന്ന മനോഭാവം എല്ലാവരിലും ഉളവാക്കുകയാണ് മിഷൻ കോൺഗ്രസിന്റെ ഒരു പ്രധാന ലക്ഷ്യമെന്ന് സൂചിപ്പിക്കുകയും സംഘടനകൾ വഴി മിഷൻ ആഭിമുഖ്യം വളർത്തുന്ന പരിപാടികൾ നടപ്പിലാക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു.

സെമിനാരി വിദ്യാർത്ഥികളുടെ സ്പോൺസറിങ്ങിനെക്കുറിച്ച് മൈനർ സെമിനാരി റെക്ടർ ബഹു. തോമസ് കച്ചിറയിലച്ചൻ സംസാരിച്ചു. വിദേശ സഹായം വളരെ കുറച്ച് മാത്രമാണ് ഇപ്പോൾ കിട്ടുന്നതെന്നും സെമിനാരി വിദ്യാർത്ഥികളുടെ പഠനത്തിനായി ഭീമമായ തുക കണ്ടെത്തേണ്ടി വരുമെന്നും ഇടവകകളിൽനിന്നും ഉപകാരികളിൽനിന്നും എങ്ങനെ ആ തുക സ്വരൂപിക്കാമെന്ന് ചിന്തിക്കണമെന്നും അച്ചൻ സൂചിപ്പിച്ചു.

ബാലഭവനിലെ കുട്ടികളുടെ സ്പോൺസറിങ്ങിനെക്കുറിച്ച് ജയമാതാ ചിൽഡ്രൻസ് ഹോം ഡയറക്ടർ ബഹു. ജോഷി പെരിയപ്പുറം അച്ചൻ സംസാരിച്ചു. സാമ്പത്തികമായ ബാധ്യത പരിഹരിക്കുവാനും രൂപതയിൽ ചിൽഡ്രൻസ് ഹോമിന്റെ നടത്തിപ്പിനും മറ്റുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ അച്ചൻ സമർപ്പിച്ചു.

1) അഭിവന്ദ്യ പിതാവിന്റെ ഒരു സർക്കുലർ പ്രസിദ്ധീകരിക്കുക.
2) കുട്ടികൾ കുട്ടികളെ സഹായിക്കുന്ന ഒരു രീതി കണ്ടുപിടിക്കുക.
3) പ്രത്യേക ആവശ്യം പറഞ്ഞ് വിശ്വാസികളെ മോട്ടിവേറ്റ് ചെയ്ത് ജീവകാരുണ്യ ഫണ്ട് ശേഖരിക്കുക.
4) തിരുനാൾ അവസരങ്ങളിലും ആഘോഷ അവസരങ്ങളിലും മറ്റും സംഭാവന നൽകുവാൻ പ്രോത്സാഹിപ്പിക്കുക.
5) രൂപതാതലത്തിൽ ഒരു ഓഫീസ് തുറക്കുക. അതിന്റെ ഉത്തരവാദിത്വം ഒരു വൈദികനെ ഏൽപിക്കുകയും ഞായറാഴ്ച ഇടവകകളിൽ പോയി കാര്യങ്ങൾ അവതരിപ്പിച്ച് തുക സ്വരൂപിക്കുകയും ചെയ്യുക.
6) ബാലഭവനുകളെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ വിദേശത്ത് സേവനം ചെയ്യുവാൻ വൈദികരെ അയയ്ക്കുക.
7) ഭാവിയിൽ സ്ഥിര വരുമാനം ലഭ്യമാക്കുന്നതിനായി കാര്യങ്ങൾ ക്രമീകരിക്കുക. അതോടൊപ്പം അർഹതയുള്ളവർക്കു മാത്രം കത്തു കൊടുത്തുവിടുവാനും മാനസിക രോഗികളായ കുട്ടികളെ പറഞ്ഞുവിടാതിരിക്കുവാനും ശ്രദ്ധിക്കണമെന്നും ബഹു. വൈദികരെ ജോഷിയച്ചൻ ഓർമ്മിപ്പിച്ചു.

തുടർന്ന് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപതാ ഡയറക്ടർ ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ അച്ചൻ സംസാരിച്ചു. വരുന്നവർഷം

നമ്മുടെ രൂപതയിൽ മദ്യവിരുദ്ധവർഷമായി ആചരിക്കുവാൻ തീരുമാനിക്കണമെന്ന് അച്ചൻ അഭ്യർത്ഥിച്ചു.

ഫാമിലി അപ്പോസ്തോലേറ്റിന്റെ ഡയറക്ടർ ബഹു. ഫാ. ഡെന്നീസ് കഴുതാടി, കെ.സി.വൈ.എം. ഡയറക്ടർ ബഹു. ഫാ. സണ്ണി കൊല്ലാർതോട്ടം, സി.എം.എൽ. ഡയറക്ടർ ബഹു. ഫാ. ടോമി പുത്തൻപുര, വിൻസെന്റ് ഡി പോൾ ആത്മീയ ഉപദേഷ്ടാവ് ബഹു. ഫാ. ബെന്നി മുതിരക്കാലായിൽ, ഡബ്ലിയു എസ്.എസ്.എസ്. ഡയറക്ടർ ബഹു. ഫാ. ജോൺ ചൂരപ്പുഴയിൽ, മതബോധന ഡയറക്ടർ ബഹു. ഫാ. ബെന്നി മുതിരക്കാലായിൽ, ഇൻഫാം ഡയറക്ടർ ബഹു. ഫാ. സുനിൽ വട്ടുകുന്നേൽ, എ.കെ.സി.സി. ഡയറക്ടർ ബഹു. ഫാ. ജോർജ് മമ്പള്ളിൽ എന്നിവർ സംസാരിച്ചു. എസ്. ഡബ്ലിയു.എസ്. – ൽ അച്ചൻമാരുടെ ടൈറ്റിൽ രക്ഷാധികാരി എന്നതു മാറ്റി ഡയറക്ടർ എന്ന പേരു സ്വീകരിക്കുന്നതിനെക്കുറിച്ച് പിന്നീട് ചിന്തിക്കാമെന്ന് തീരുമാനിച്ചു. ഇൻഫാമിനായി ഓരോ ഫൊറോനയിലും ഉത്തരവാദിത്വമുള്ള ഒരച്ചനെ മാസധ്യാന അവസരത്തിൽ തെരഞ്ഞെടുക്കണമെന്ന് ഇൻഫാം ഡയറക്ടർ ആവശ്യപ്പെട്ടു.

തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് എല്ലാവർക്കും നന്ദി പറയുകയും നമ്മുടെ രൂപതയിലെ സംഘടന പ്രവർത്തനങ്ങളെക്കുറിച്ച് അഭിമാനം തോന്നുന്നുവെന്ന് പറയുകയും ചെയ്തു. നമ്മുടെ പ്രവർത്തനങ്ങളുടെയെല്ലാം ഫലം കൂടുതൽ അർഹതയുള്ളവരിലേയ്ക്ക് പോകണമെന്ന് സൂചിപ്പിച്ചു.

മാണ്ഡ്യ രൂപതയുടെ ഉദ്ഘാടനവും മോൺ. ജോർജ് ഞരളക്കാട്ടച്ചന്റെ മെത്രാഭിഷേകവും ഏപ്രിൽ 7–ന് ഹിങ്കലിൽ വച്ച് നടക്കുന്ന കാര്യവും അഭിവന്ദ്യ പിതാവ് സൂചിപ്പിക്കുകയും  പുതിയ രൂപതയിലേയ്ക്ക് സ്ഥിരമായോ താൽക്കാലികമായോ സേവനം ചെയ്യുവാൻ താൽപര്യമുള്ളവർ അറിയിക്കണമെന്ന് പറയുകയും ചെയ്തു. ഭക്ത സംഘടനകളുടെയെല്ലാം ലക്ഷ്യമൊന്നാണെന്നും ഒരാൾക്ക് പല സംഘടനയിലും വേണമെങ്കിൽ പ്രവർത്തിക്കുന്നതിന് തടസ്സമില്ലെന്നും പറഞ്ഞു. Art of living പരിപാടികൾ ക്രിസ്തീയ വിശ്വാസത്തിന് ചേർന്നതല്ലെന്നും നോൺ എപ്പിസ്കോപ്പൽ സഭകളുടെ പരിപാടികളിൽ സംബന്ധിക്കരുതെന്നും ഓർമ്മിപ്പിച്ചു. 10% വിഹിതം കൊടുക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണമെന്നും ജാഗ്രതാസമിതി എല്ലാ ഇടവകകളിലും തുടങ്ങണമെന്നും അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ഇടവകയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഓരോ വർഷവും സെമിനാരിക്കാരുടെ ചിലവിലേയ്ക്കായി ഓരോ ഇടവകയും ഒരു നിശ്ചിത തുക നൽകണമെന്നും അറിയിച്ചു. രൂപതാദിനത്തിൽ വൈദികരോടൊപ്പം വൈദികരുടെ മാതാപിതാക്കളെയും മാതാപിതാക്കൾ മരിച്ചുപോയവരുടെ സഹോദരനെയും കുടുംബത്തെയും അല്ലെങ്കിൽ സഹോദരിയെയും കുടുംബത്തെയും ആദരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 3.30–ന് യോഗം അവസാനിച്ചു. യോഗത്തിൽ 115 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജോസഫ് പരുവുമ്മേൽ** (ചാൻസലർ)

# ദൈവവിളി ക്യാമ്പ്

രൂപതാ വൊക്കേഷൻ ബ്യൂറോയിൽനിന്ന് ആശംസകൾ. ഈ വർഷത്തെ ദൈവവിളി ക്യാമ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയിക്കട്ടെ.

**ആൺകുട്ടികൾക്ക്**

ഏപ്രിൽ 5-ാം തീയതി വൈകുന്നേരം 4 മണി മുതൽ 7-ാം തീയതി രാവിലെ 10 മണിവരെ. സ്ഥലം: ദ്വാരക പാസ്റ്ററൽ സെന്റർ

**പെൺകുട്ടികൾക്ക്**

ഏപ്രിൽ 7-ാം തീയതി വൈകുന്നേരം 4 മണി മുതൽ 9-ാം തീയതി രാവിലെ 9 മണിവരെ. സ്ഥലം : ദ്വാരക പാസ്റ്ററൽ സെന്റർ

**ഗൂഡല്ലൂർ, മണിമൂളി, നിലമ്പൂർ മേഖലക്കാർക്കുള്ള ക്യാമ്പ്**

ഏപ്രിൽ 16-ന് വൈകുന്നേരം 5 മണി മുതൽ 18-ാം തീയതി രാവിലെ 10 മണിവരെ. സ്ഥലം: മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്റർ

**ശ്രദ്ധിക്കേണ്ടവ**

1) സന്യാസ പൗരോഹിത്യ ജീവിതാന്തസ്സുകളിലേയ്ക്ക് പ്രവേശിക്കുവാനാഗ്രഹിക്കുന്ന എല്ലാവരും രൂപത നടത്തുന്ന പൊതുദൈവവിളി ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
2) വിവിധ കോൺഗ്രിഗേഷന്റെ പ്രത്യേക ക്യാമ്പുകൾ ഈ പൊതു ക്യാമ്പിന് ശേഷമാണ് നടത്തേണ്ടത്.
3) പങ്കെടുക്കുന്ന കുട്ടികൾ പുതിയനിയമം, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.
4) ക്യാമ്പ് ഫീസ് - 100 രൂപ (വരുമ്പോൾ തന്നാൽമതി)
5) വൊക്കേഷൻ പ്രൊമോട്ടേഴ്സിന് ഏപ്രിൽ 6, 8, 17 തീയതികളിൽ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ കുട്ടികളെ കണ്ട് കോൺഗ്രിഗേഷനെ / രൂപതയെ പരിചയപ്പെടുത്തുവാൻ അവസരം നൽകുന്നതാണ്. ഒരു കോൺഗ്രിഗേഷൻ / രൂപതയിൽ നിന്ന് ഒരാൾക്ക് മാത്രമേ അതിനുള്ള അവസരം തരികയുള്ളൂ. സമയക്രമീകരണങ്ങൾ വരുത്തുന്നതിന് വരുന്നവർ മുൻകൂട്ടി അറിയിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. തോമസ് കച്ചിറയിൽ-9446892434** (വൊക്കേഷൻ പ്രൊമോട്ടർ)
**ഫാ. സെബിൻ ഐക്കരത്താഴത്ത് - 9744801625**
(അസി. വൊക്കേഷൻ പ്രൊമോട്ടർ)

*വൊക്കേഷൻ ബ്യൂറോ*
*P.B. No. 1, മാനന്തവാടി, വയനാട് - 670 645*



# റീജിയണൽ വാർത്തകൾ

## മണിമൂളി - നിലമ്പൂർ റീജിയൺ

**താമസിച്ചുള്ള ധ്യാനം**

മാർച്ച് 14 മുതൽ 18 വരെ മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച് താമസിച്ചുള്ള ധ്യാനം നടത്തപ്പെടുന്നതാണ്. ഫീസ് 300 രൂപ. തുടർന്ന് എല്ലാ മാസത്തിലും രണ്ടാം ഞായറാഴ്ച തുടങ്ങി വ്യാഴാഴ്ച വരെ താമസിച്ചുള്ള ധ്യാനം ഉണ്ടായിരിക്കുന്നതാണ്.

**മാതൃസംഘടന**

മാർച്ച് 13-ന് മാതൃസംഘടനയുടെ കലാമത്സരങ്ങൾ മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. തോമസ് പെരുമാട്ടിക്കുന്നേൽ**
ഡയറക്ടർ, റീജിയണൽ പാസ്റ്ററൽ സെന്റർ മണിമൂളി

# ജയിൽ മിനിസ്ട്രി

2010 പുതുവർഷത്തിലെ ജനുവരിമാസ ജയിൽസന്ദർശനത്തിനായി വൈത്തിരി സബ്ജയിലിലേയ്ക്ക് വന്നത് ബഹു. ബാബു മൂത്തേടത്തച്ചന്റെ നേതൃത്വത്തിൽ പാൽചുരം ഇടവകയിലെ മതാദ്ധ്യാപക-വിദ്യാർത്ഥിനീ വിദ്യാർത്ഥി സുഹൃത്തുക്കളായിരുന്നു. ന്യൂ ഇയർ സന്ദേശങ്ങളിലൂടെയും കലാപരിപാടികളിലൂടെയും തടവറയിലുള്ളവർക്ക് മാനസികോല്ലാസമേകാൻ അവർക്ക് കഴിഞ്ഞു. 2 മണിക്കൂറോളം വരുന്ന അവരുടെ വിവിധ കലാപരിപാടികൾ മധുരപലഹാര വിതരണത്തോടെ അവസാനിക്കുകയും ചെയ്തു. ഇടവകയിലെ എഫ്.സി.സി. സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. വൈത്തിരി എസ്.എച്ച്. സിസ്റ്റേഴ്സ്, കുര്യൻചേട്ടൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. ബിനു പൈനുങ്കൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# മതബോധനരംഗം

അദ്ധ്യയനവർഷത്തിന്റെ അവസാനത്തിലേക്ക് പ്രവേശിക്കുമ്പോൾ ദൈവം നൽകിയ നന്മകൾക്ക് ഹൃദയപൂർവ്വം നന്ദി പറയാം. പരിശീലനത്തിൽ കുറവുകൾ സംഭവിച്ചുവെങ്കിൽ പരിഹരിക്കുവാൻ ഇനിയുള്ളസമയം ശ്രദ്ധിക്കുമല്ലോ.

**+1, +2 മൂല്യനിർണ്ണയ ക്യാമ്പ്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്ത്യൻസ്റ്റഡീസിന്റെ കീഴിൽ നടത്തിയ +1, +2 പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പ് മാർച്ച് 12, 13, 14 ദിവസങ്ങളിൽ നടത്തുന്നു. ക്യാമ്പിന് തിരഞ്ഞെടുക്കപ്പെട്ടവർ 12 ന് 6. 00 p.m. ന് മുമ്പായി എത്തുമല്ലോ.

**വിശ്വാസോത്സവം 2010**

ഈ വർഷത്തെ വിശ്വാസോത്സവം ഈസ്റ്ററിനുശേഷം വരുന്ന ആഴ്ചയിൽ പരീക്ഷയ്ക്ക് മുമ്പായി മൂന്നു ദിവസമാണ് നടത്തേണ്ടത്. 5, 6, 8 തീയതികളാണ് ഉചിതമായിട്ടുള്ളത്. വിശ്വാസോത്സവത്തിന് അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള സഹായി ഉപയോഗിച്ച്, കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ഭംഗിയായി ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. വൈദികവർഷവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ വിഷയം. പരീക്ഷയ്ക്ക് പൊതുവിജ്ഞാനത്തിന്റെ പകുതി മാർക്ക് ഇതിൽ നിന്നും കണ്ടെടുക്കുന്ന ഭാഗത്ത് നിന്നായിരിക്കും.

**വാർഷിക പരീക്ഷ**

ഈ വർഷത്തെ വാർഷിക പരീക്ഷകൾ I- ാം ക്ലാസ്സ് മുതൽ IX-ാം ക്ലാസുവരെയുള്ളവർക്ക് ഏപ്രിൽ 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ 12 മണി വരെയും, ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷകൾ അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയും ആയിരിക്കും.

ഗൂഡല്ലൂർ റീജിയണിൽ പരീക്ഷകൾ ഏപ്രിൽ 11 ന് ഞായറാഴ്ച

11. 30 – 1.30 വരെ I– മുതൽ IX– വരെ ക്ലാസുകാർക്കും, അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളും നടത്തുന്നു.

ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷ നടത്തുവാൻ ഓരോ ഇടവക യിലേക്കും ഇൻവിജിലേറ്റർമാരെ അതാത് ഫൊറോന നേതൃത്വം നിയ മിക്കുമല്ലോ.

**ഇന്റേണൽ അസ്സസ്സ്മെന്റ്**

X– ാം ക്ലാസ്സിലെ കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി ഉത്തരക്കടലാസ് പായ്ക്ക് ചെയ്യുന്നതിനോടൊപ്പം ഒരു കവറിൽ ഒട്ടിച്ച് വയ്ക്കുമല്ലോ.

## HDC Contact Class

HDC യുടെ മൂന്നാമത്തെ കോൺടാക്റ്റ് ക്ലാസ്സ് ഏപ്രിൽ 20, 24 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിലും 28 ന് മണിമൂളിയിലും നടത്തുന്നതാണ്.

## DCC Contact Class

മണിമൂളി–നിലമ്പൂർ ഫൊറോനകളിലെ DCC കുട്ടികളുടെ കോൺടാക്റ്റ് ക്ലാസ്സ് മാർച്ച് 7 –ാം തീയതി ഞായറാഴ്ച മണിമൂളിയിൽ വച്ച് നടത്തുന്നതാണ്. കോഴ്സിലുള്ളവർ ശ്രദ്ധിക്കുമല്ലോ.

ഈ വർഷം +2 കഴിഞ്ഞ എല്ലാ കുട്ടികളെയും DCC കോഴ്സിൽ ചേർക്കുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

## HCC Exam

വിവിധ കേന്ദ്രങ്ങളിൽ വച്ച് ഫെബ്രുവരി 14 –ാം തീയതി നടത്തിയ പരീക്ഷയ്ക്ക് നേതൃത്വം നൽകിയ ഫൊറോന ഡയറ ക്ടർമാർ, ടീം അംഗങ്ങൾ പരീക്ഷാ കേന്ദ്രത്തിലെ പ്രിയ വൈദികർ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, ഫൊറോന സെക്രട്ടറിമാർ... എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ജൂബിലേറിയൻസ്**

2009–2010 വർഷത്തിൽ മതാദ്ധ്യാപനരംഗത്ത് 25 വർഷം പൂർത്തി യാക്കുന്നവരുടെ പേരുവിവരം ഏപ്രിൽ 15 ന് മുമ്പ് രേഖാമൂലം ഹെഡ്മാ സ്റ്റർമാർ രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**ആദരാഞ്ജലികൾ**

എടപ്പെട്ടി ഇടവകയിൽ മതാദ്ധ്യാപകനായിരുന്ന ഷാജി പുല്ലേലിൽ വാഹനാപകടത്തിൽപ്പെട്ട് നമ്മിൽനിന്നും വേർപിരിഞ്ഞു. 15 വർഷമായി അദ്ദേഹം മതാദ്ധ്യാപകനായി നമ്മോടൊപ്പമുണ്ടായിരുന്നു.

ഷാജി സാറിന്റെ ആകസ്മികമായ വേർപാടിൽ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് രൂപതാ മതബോധനരംഗത്ത് പ്രവർത്തിക്കുന്ന ഏവരുടേയും അനുശോചനം അറിയിക്കുന്നു. ഒപ്പം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**ഡിഡാക്കെയിൻ**

വാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ എടുക്കുന്നതോടൊപ്പം അദ്ധ്യാപകരുടെ പരിശീലനം ലക്ഷ്യമാക്കി നമ്മൾ പ്രസിദ്ധീകരിക്കുന്ന "ഡിഡാക്കെയിൻ" - ന്റെ രണ്ടാമത്തെ ലക്കം അയയ്ക്കുന്നതാണ്. അദ്ധ്യാപകർ എല്ലാവരും പ്രധാനാധ്യാപകന്റെ പക്കൽ നിന്നും അത് വാങ്ങി ഉപയോഗപ്രദമാക്കുമല്ലോ.

**ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷാനടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ**

പരീക്ഷ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്റർമാർക്കുമാണ്. ഓരോ ഇടവകകളിലേക്കും സൂപ്പർവൈസർമാരെ നിയമിക്കേണ്ടത് ഫൊറോനാ ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, 5 വർഷത്തിൽ കുറയാത്ത മതാധ്യാപന പരിചയമുള്ളവരെയോ ആണ് നിയമിക്കേണ്ടത്. ഓരോ ഇടവകകളിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ പേരുവിവരങ്ങൾ മാർച്ച് 20-നു മുമ്പ് രൂപതാ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സൂപ്പർ വൈസർമാർക്കുള്ള നിർദ്ദേശങ്ങൾ അതാതു ഫൊറോനാ കേന്ദ്രങ്ങളിൽ നിന്നും നൽകുന്നതായിരിക്കും.

**ഡിപ്ലോമ, സ്കോർഷിപ്പ് പരീക്ഷയ്ക്കു വേണ്ടിയുള്ള സൂപ്പർ വൈസർമാർക്കുള്ള നിർദ്ദേശങ്ങൾ**

**I. പരീക്ഷയ്ക്ക് മുമ്പ്**

1) പരീക്ഷാസമയത്തിനു മുമ്പായി പരീക്ഷാകേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരി, ഹെഡ്മാസ്റ്റർ എന്നിവരെ അറിയിക്കുക.
2) നിങ്ങൾക്ക് ഫൊറോനാകേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈയിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3) ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പുവരുത്തുക.
4) പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, രജിസ്റ്റർ നമ്പറുകൾ ക്രമമായി എഴുതിയിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തിക്കുക.

5) രൂപതാമതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

## II. പരീക്ഷാഹാളിൽ

1) 15 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരുത്തണം.
2) രജിസ്റ്റർ നമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിട്ടിലധികം താമസിച്ചുവരുന്നവരേയും എഴുതാൻ അനുവദിക്കണമെന്നില്ല.
3) രജി. ഫോറത്തിൽ നമ്പറിട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം രൂപതാ കേന്ദ്രത്തിൽ അറിയിക്കുക.
4) ഉത്തരക്കടലാസുകൾ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം.
5) രജിസ്റ്റർനമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതാൻ പറയുക. പേരോ മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.
6) ഉത്തരപേപ്പറിന്റെ രണ്ടു പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർവൈസറുടെ ഒപ്പുള്ള പേപ്പറിലേ എഴുതാവൂ എന്നും വ്യക്തമായി പറയണം (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക.)
7) പാഠപുസ്തകം, നോട്ടുബുക്ക് മുതലായവ പരീക്ഷാഹാളിൽ അനുവദിക്കരുത്.
8) പരീക്ഷാസമയത്തിന് 5 മിനിട്ട് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിധ്യത്തിൽ പൊട്ടിക്കുക. പാക്കറ്റിന് സാരമായ കേടുപാടുകളോ സംശയസാഹചര്യമോ ഉണ്ടെങ്കിൽ അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും രൂപതാ കേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
9) കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക, രജിസ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. (പരസ്പരം മാറ്റാതിരിക്കാൻ)
10) വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരുന്നതുവരെ മറ്റാർക്കും നൽകരുത്.
11) പരീക്ഷ തീരുന്നതിന് 5 മിനിട്ട് മുമ്പ് ബെല്ലടിച്ച് പേപ്പർ തുന്നിക്കെട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.

12) പരീക്ഷാസമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരി എന്നിവരൊഴികെ മറ്റാരെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

## III. പരീക്ഷ കഴിഞ്ഞാൽ

1) പേപ്പറുകൾ വാങ്ങി, എഴുതി നിറുത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക.
2) നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസുകളുടേത് പ്രത്യേകം അടുക്കുക. രണ്ടാംവർഷക്കാരുടെ പേപ്പറും പ്രത്യേകം അടുക്കികെട്ടണം.
3) പേപ്പർ പായ്ക്ക് ചെയ്യുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ഒരു പേപ്പറിൽ കുറിച്ച് അതിനു ചുവടെ സൂപ്പർവൈസറുടെ പേരും, ഒപ്പും ഇട്ട് റിപ്പോർട്ടിനൊപ്പം പ്രത്യേക കവറിൽ ഇട്ട പേപ്പർ പായ്ക്ക്ചെയ്ത കവറിനൊപ്പം വയ്ക്കുക.

a) ആകെ രജിസ്റ്റർ ചെയ്തവർ (10, 4, 7)
b) ആകെ പരീക്ഷ എഴുതിയവർ (10, 4, 7)
c) ഹാജരാകാത്തവരുടെ എണ്ണം (നമ്പറുകൾ)
d) ആകെ അയയ്ക്കുന്ന കടലാസുകൾ (10, 4, 7)
e) ഫാൾസ് നമ്പറുകളുണ്ടെങ്കിൽ അക്കാര്യം
f) സൂപ്പർവൈസറുടെ പേര്, ഒപ്പ്

4) മേൽപ്പറഞ്ഞ വിധം പേപ്പർ അടുക്കിപ്പൊതിഞ്ഞ് തന്നിട്ടുള്ള കവറിൽ ഇട്ടുകെട്ടി സീൽചെയ്ത് ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുക.
5. കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക് ചെയ്ത് ഉത്തര കടലാസിനോടൊപ്പം ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം.

(ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക).

6) ഉത്തരപേപ്പറുകൾ അന്നോ, പിറ്റേന്നോ ഹെഡ്മാസ്റ്റർ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാ കേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്. എന്നാൽ അക്കാര്യം ഫൊറോനാ ഡയറക്ടറെ അറിയിച്ചിരിക്കണം.
7) മേഖലാസെക്രട്ടറി തൊട്ടടുത്ത ദിവസം (മൂന്നാം ദിവസം) മേഖലയിൽനിന്നുള്ള പേപ്പറുകൾ രൂപതയിലെത്തിക്കണം.
8) പരീക്ഷാനടത്തിപ്പു സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട്

തയ്യാറാക്കി ഹെഡ്മാസ്റ്റർ/ വികാരിയെക്കൊണ്ട് ഒപ്പിടുവിച്ച് രൂപതയ്ക്ക് സൂപ്പർവൈസർ നൽകണം. ഇത് ആധികാരിക രേഖ യാണ്.

9) പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.

10) നിങ്ങളുടെ യാത്രാച്ചെലവ് പരീക്ഷാകേന്ദ്രത്തിൽ നിന്നും വാങ്ങണം.

11) സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിട്ട് കാത്തിട്ട് ഹെഡ്മാസ്റ്റർ, വികാരി എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യ ങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

**ചോദ്യപേപ്പറുകൾ**

ഏപ്രിൽ 8-ന് രാവിലെ 10 മണി മുതൽ 5 മണി വരെ രൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ നിന്നും പതിവുപോലെ ഉത്തരവാദിത്വപ്പെട്ടവർ ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടു ക്കേണ്ട ഫൊറോനകൾ :- മണിമൂളി, നിലമ്പൂർ, ചുങ്കക്കുന്ന്, മാനന്തവാടി, പയ്യംപള്ളി.

രൂപതാ മതബോധന ഓഫീസിൽ നിന്നും ചോദ്യ പേപ്പർ എടു ക്കേണ്ട ഫൊറോനകൾ :- കല്ലോടി, തരിയോട്, നടവയൽ, ബത്തേരി, ഗൂഡല്ലൂർ, മുള്ളൻകൊല്ലി, കൽപ്പറ്റ.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

നോമ്പുകാലം..... ത്യാഗത്തിന്റെയും സഹനത്തിന്റെയും കാലം... പ്രാർത്ഥനയുടെ ലോകത്ത് വ്യാപരിക്കാൻ പ്രത്യേകം നീക്കിവച്ചകാലം. ചില പ്രത്യേക മാസങ്ങളിൽ ബാങ്കുകൾ നിക്ഷേപസമാഹരണ യജ്ഞം നടത്താറുണ്ട്. അതുപോലെ ചിതലരിക്കാത്ത, കള്ളന്മാർ തുരന്ന് മോഷ്ടിക്കാത്ത, തുരുമ്പും കീടങ്ങളും നശിപ്പിക്കാത്ത സ്വർഗ്ഗരാജ്യത്തിൽ നമുക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുവാൻ വേണ്ടി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന കാലഘട്ടമാണ് നോമ്പുകാലം. നെറ്റിയിൽ ചാരംപൂശി ആരംഭിച്ച ഈ നോമ്പ് ഏറ്റവും ഫലദായകമായ രീതിയിൽ ആചരിക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പരീക്ഷയുടെ തിരക്കിലായിരിക്കുന്ന എല്ലാ മിഷൻലീഗ് അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

സ്നേഹപൂർവ്വം, **ടോമിയച്ചൻ**

**ആവേശമായി കരുത്തായി 36-ാം രൂപതാവാർഷികം**

ചെറുപുഷ്പമിഷൻലീഗ് 36-ാം വാർഷികം മാനന്തവാടി സെന്റ് പാട്രിക്സ് വിദ്യാലയത്തിൽ മാണ്ഡ്യരൂപതയുടെ നിയുക്ത മെത്രാൻ മാർ ജോർജ് ഞരളക്കാട്ടിന്റെ സാന്നിദ്ധ്യത്തിൽ മിഷൻലീഗ് സംസ്ഥാന ഡയറക്ടർ റവ.ഫാ. ആന്റണി പുതിയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. വാർഷികത്തിന് മുന്നോടിയായി രൂപതാപ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ അംഗങ്ങളുടെ മുദ്രാവാക്യം വിളികളാൽ മുഖരിതമായ മുഹൂർത്തത്തിൽ മിഷൻലീഗിന്റെ സ്നേഹത്യാഗസേവനസഹനത്തിന്റെ ചെമ്മഞ്ഞപതാക വാനിലേക്ക് ഉയർത്തി. തുടർന്ന് നടന്ന വചനപ്രതിഷ്ഠയ്ക്ക് പയ്യമ്പള്ളി മേഖല ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിൽ നേതൃത്വം നൽകി. രൂപതാഡയറക്ടർ റവ.ഫാ. ടോമിപുത്തൻപുരയ്ക്കൽ, സംസ്ഥാന സെക്രട്ടറി ശ്രീ. ജോസ് പുതിയാപറമ്പിൽ, സെന്റ് പാട്രിക്സ് സ്കൂൾ പ്രിൻസിപ്പൽ ബ്രദർ വിൻസെന്റ്, പയ്യമ്പള്ളി മേഖല സെക്രട്ടറി ശ്രീ. ജോയ്സ് പുൽപറമ്പിൽ, മാർട്ടിൻനഗർ ശാഖാ സെക്രട്ടറി ശ്രീ. ഷൈൻ തുടിയംപറമ്പിൽ തുടങ്ങിയവർ വാർഷികത്തിന് ആശംസകൾ നേർന്നു. 2009-2010 വർഷത്തെ വാർഷിക റിപ്പോർട്ട് രൂപതാ സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ സമ്മേളനത്തിൽ അവതരി

പ്പിച്ചു. രൂപതാ ഓർഗനൈസർ ശ്രീ. തോമസ് കല്ലറയ്ക്കൽ നന്ദി നേർന്നു. വിവിധ ശാഖകളിൽ നിന്നായി 1100 ഓളം അംഗങ്ങൾ വാർഷിക സമ്മേളന ത്തിൽ പങ്കെടുക്കുകയുണ്ടായി. ബൈബിൾവാക്യ പഠനമത്സരം, ലോഗോസ് ക്വിസ് വിജയികൾ, കൊളാഷ്മത്സര വിജയികൾ തുടങ്ങിയവർക്കുള്ള സമ്മാ നദാനം മാർട്ടിൻനഗർ ശാഖാഡയറക്ടർ റവ.ഫാ. സിബിച്ചൻ ചേലയ്ക്കാപ്പ ള്ളിൽ നിർവ്വഹിച്ചു.

**മിഷൻ ചൈതന്യത്തിൽ നിറയുക വളർത്തുക-മാർ ജോർജ് ഞരളക്കാട്ട്**

മിഷൻ ചൈതന്യത്തിൽ നിറയാനും അനേകരെ മിഷൻ ചൈതന്യ ത്തിലേയ്ക്ക് നയിക്കാനുമുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവ ശ്യകത നിയുക്തപിതാവ് തന്റെ സന്ദേശത്തിൽ ഉദ്ബോധിപ്പിച്ചു. തന്റെ വളർച്ചയിൽ മിഷൻലീഗ് പ്രസ്ഥാനത്തിന്റെ പ്രചോദനവും സ്വാധീനവും സ്വാനുഭവത്തിലൂടെ പിതാവ് അംഗങ്ങളുമായി പങ്കുവയ്ക്കുകയുണ്ടായി. മാണ്ഡ്യമിഷൻ പ്രവർത്തന മേഖലയിലേയ്ക്ക് മാനന്തവാടി രൂപതയുടെ പ്രവർത്തനസഹായവും പ്രാർത്ഥനയും പിതാവ് ആവശ്യപ്പെടുകയുണ്ടായി.

**നിയുക്തപിതാവിന് ഊഷ്മള സ്വീകരണം**

മാണ്ഡ്യ രൂപതയുടെ പിതാവായി നിയമിതനായ മാർ ജോർജ് ഞരള ക്കാട്ടിന് മിഷൻലീഗ് അംഗങ്ങളും ഭാരവാഹികളും മാനന്തവാടി സെന്റ് പാട്രിക്സ് സ്കൂളിൽ വെച്ച് ഊഷ്മള സ്വീകരണം നൽകുകയും മിഷൻലീഗ് മുൻ രൂപതാഡയറക്ടറായിരുന്ന നിയുക്തപിതാവിന് മിഷൻലീഗ് പ്രസ്ഥാന ത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുകയും ചെയ്തു.

**പുത്തൻ ഉൾക്കാഴ്ചയും പ്രചോദനവുമേകി രൂപത സിമ്പോസിയം.**

"ഒരുമയിലെനന്മ വർത്തമാന യാഥാർത്ഥ്യങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി റവ.ഫാ. സാബു കുമ്പുക്കൽ (തലശ്ശേരി) നയിച്ച സിമ്പോ സിയം അംഗങ്ങൾക്ക് പ്രചോദനവും പുത്തൻ ഉൾക്കാഴ്ചയേകുന്നതുമായി.

**പ്രേഷിത പ്രവർത്തനത്തിന്റെ വ്യതിരക്തത ഇതൾ വിടർത്തിയ കൊളാഷ്**

'വിളവധികം വേലക്കാർ ചുരുക്കം' എന്ന വിഷയത്തെ ആസ്പദമാക്കി രൂപതാതലത്തിൽ നടത്തിയ കൊളാഷ് മത്സരത്തിൽ 40 ഓളം ശാഖകൾ പങ്കെടുത്തു. പ്രേഷിതപ്രവർത്തനത്തിന്റെ വിവിധ രൂപങ്ങളും ഭാവങ്ങളും കൊളാഷ് മത്സരത്തിൽ ഇതൾവിടർന്നു. പ്രേഷിത പ്രവർത്തനത്തിന്റെ ആവ ശ്യകതയും, പ്രേഷിതരുടെ കുറവും ഉദ്ബോധിപ്പിക്കുന്നതായിരുന്നു കൊളാഷ് മത്സരം. മത്സരത്തിൽ ക്യാഷ് അവാർഡ് നേടിയവർ: I കണി യാരം, II കേളകം, III പുഴമുടി

പ്രോത്സാഹന സമ്മാനം നേടിയശാഖകൾ:- കൽപ്പറ്റ, അമ്പായത്തോട്, പാൽചുരം, നടവയൽ, കുഞ്ഞോം, ദ്വാരക, ആറാട്ടുതറ. വിജയികൾക്ക് അഭി നന്ദനങ്ങൾ.

**മിഷൻ മാസാചരണത്തിന് മുതിരേരി ശാഖ ഒന്നാമത്**

ഒക്ടോബറിന്റെ ധന്യത മനസ്സിലാക്കി മികച്ച രീതിയിൽ മിഷൻമാസാ

ചരണം നടത്തിയതിനുള്ള അവാർഡിന് മുതിരേരിശാഖ അർഹമായി. കല്ലോടി ശാഖ 2-ാം സ്ഥാനവും അമ്പായത്തോട് ശാഖ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**ഈ അവധിക്കാലം 'സീനായ്'ക്കൊപ്പം**

മിഷൻലീഗ് അംഗങ്ങൾക്ക് ആത്മീയ ഉണർവ്വും നേതൃത്വപരിശീലനവും നൽകി വ്യക്തിത്വം കർമ്മോത്സുകമാക്കുവാൻ ഏപ്രിൽ മാസത്തിൽ വിവിധ റീജിയണുകളിലായി നടത്തപ്പെടുന്ന 'സീനായ്' ക്യാമ്പിലേയ്ക്ക് ശാഖകളിൽ നിന്ന് 14 വയസ്സിനു മുകളിൽ പ്രായമുള്ള 7 അംഗങ്ങളെ തിരഞ്ഞെടുത്ത് അയക്കേണ്ടതാണ്.

**മിഷൻലീഗ് അധ്യാപകർക്കായ് ഒരു ദിനം**

ചെറുപുഷ്പ മിഷൻലീഗ് പ്രസ്ഥാനത്തിന്റെ ശാഖാ പ്രവർത്തനത്തിന് ദിശാബോധമേകി കർമ്മോത്സുകമാക്കുവാൻ മിഷൻലീഗിന്റെ ഭാരവാഹിത്വം വഹിക്കുന്ന അധ്യാപകർക്കായുള്ള സെമിനാർ മാർച്ച് 13-ന് ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 p.m വരെ ദ്വാരക AUPS ൽ വെച്ച് നടക്കുന്നതാണ്. ഏകദിന സെമിനാറിന് മിഷൻലീഗ് അന്തർദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറനാട്ട് നേതൃത്വം നൽകും. ശാഖയിൽ മിഷൻലീഗിന്റെ ഭാരവാഹിത്വം വഹിക്കുന്ന അധ്യാപകരോ മിഷൻലീഗിനെ സ്നേഹിക്കുന്ന പ്രോത്സാഹനമേകുന്ന അധ്യാപകനെയോ സെമിനാറിലേക്ക് പറഞ്ഞുവിടണമെന്ന് താല്പര്യപ്പെടുന്നു.

**വൈദിക ഡിറക്ടറി**

വൈദിക വർഷാചരണത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന വൈദിക ഡിറക്ടറിയിലേയ്ക്ക് നൽകേണ്ട Biodata യും ഫോട്ടോയും എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബഹു. ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2010-2011 വർഷത്തെ അംഗത്വലിസ്റ്റിന്റെ 3 കോപ്പി മാർച്ച് 30-ന് മുമ്പായി രൂപതാഓഫീസിൽ എത്തിക്കേണ്ടതാണ്. ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ ലിസ്റ്റ് മെയ് 30 ന് മുമ്പ് അഡീഷണൽ ലിസ്റ്റായി തന്നാൽമതി. കുടിശികകൾ, (കലണ്ടർ, സംസ്ഥാനവിഹിതം, മിഷൻഞായർ വിഹിതം) കാണിക്ക ഇവ മാർച്ച് 30 ന് മുമ്പായി അടച്ചുതീർക്കേണ്ടതാണ്.

**വൈദികർക്കായി സാഹിത്യമത്സരം**

വൈദികവർഷാചരണത്തിന്റെ ഭാഗമായി മിഷൻലീഗ് രൂപതസമിതി വൈദികർക്കായി സംഘടിപ്പിച്ചിരിക്കുന്ന സാഹിത്യമത്സരത്തിലേയ്ക്ക് സൃഷ്ടികൾ ലഭിക്കേണ്ട അവസാനതീയതി മാർച്ച് 15 ആണ് എന്ന് ഓർമ്മിപ്പിക്കുന്നു. കഥ, കവിത, ഉപന്യാസം എന്നിവയിലാണ് മത്സരം.

**മത്സരവിഷയങ്ങൾ**

കഥ - അവൻ അവരെ വെളിച്ചത്തിലേയ്ക്ക് നയിച്ചു.

കവിത - ഇടയവഴിയിലെ കനലുകൾ

ഉപന്യാസം - നിത്യപുരോഹിതന്റെ ആത്മഭാവം അറിവും അനുഭവവും

**കാണിക്ക**

മിഷൻഗ്രാമ സഹായനിധിയിലേയ്ക്ക് 3250 രൂപ പിരിച്ചെടുത്ത മരക്കടവ് ശാഖാഡയറക്ടർ ബഹു. ജോർജ് കിഴക്കുംപുറം അച്ചനും ശാഖാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

പയ്യമ്പള്ളി-400, വള്ളിക്കെട്ട്-75, പൂളപ്പാടം - 150, അമ്പലവയൽ-100.

**മിഷൻഞായർ വിഹിതം തന്നശാഖകൾ**

മിഷൻഞായർ വിഹിതം - 7000 രൂപ നൽകിയ ഹിങ്കൽ ഇടവക വികാരി പോൾ കൂട്ടാലയച്ചനെയും, സന്തോഷച്ചനെയും, സഹപ്രവർത്തകരെയും അഭിനന്ദിക്കുന്നു.

ഞാറപ്പാടം-150, ആലാറ്റിൽ-300, മംഗളം-300, യവനാർകുളം-500, ബെക്കി-150, തവിഞ്ഞാൽ-400, അടയ്ക്കാത്തോട്-200, വാളാട്-250, കല്ലോടി -750, മക്കിയാട്-150, ചുള്ളിയോട്-250, ചുങ്കക്കുന്ന്-1500, നടവയൽ-1000, ദീപ്തിഗിരി-200, ചുള്ളിയാന-200, കേണിച്ചിറ-150, വാഴവറ്റ-500, നെടുമ്പാല -100, റിപ്പൺ-300, ശിശുമല-802, തോമാട്ടുചാൽ-100, ആറാട്ടുതറ-300, വൈത്തിരി-100, പൂക്കോട്ടുംപാടം-400, പാലേമാട്-250, തേൾപ്പാറ-150, അരുൾനിലയം-250, വിമലഗിരി-500, വാളവയൽ-150, പുതുശേരിക്കടവ് - 200, സീതാമൗണ്ട് - 150, കാരയ്ക്കാമല - 500, പ്രശാന്തഗിരി-250, മഞ്ഞൂറ -100, കുറുമണി-250.

**മാർച്ചുമാസത്തെ ചിന്തകളും പ്രവർത്തനങ്ങളും**

'വിളവ് അധികം വേലക്കാർ ചുരുക്കം'

19 - വി. യൗസേപ്പിതാവിന്റെ തിരുനാൾ - നാമധാരികൾക്ക് ആശംസകൾ നേരുക.

28 - ദൈവവിളിദിനം - പൊതുദിവ്യകാരുണ്യ സ്വീകരണം, അസാധാരണ സമ്മേളനം.

കരുണയുടെതീരം:- ഗൂഡല്ലൂർ മേഖല എക്സിക്യൂട്ടീവ് & ടീം.

വാർത്താബോർഡിൽ:- വിവിധ പ്രേഷിതതലങ്ങൾ, വാർത്തകൾ, ചിത്രങ്ങൾ.

പ്രാർത്ഥനാനിയോഗം:- ദൈവവിളി

സുകൃതജപം:- മിശിഹായുടെ ദിവ്യാത്മാവെ എന്നെ ശുദ്ധീകരിക്കണമെ.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

"ജീവിതം സുന്ദരമാണെന്ന്
ഞാൻ സ്വപ്നം കണ്ടുറങ്ങി
ഉണർന്നപ്പോൾ കണ്ടു
അത് ഉത്തരവാദിത്വമാണെന്ന്" മഹാനായ ഹൂപ്പറിന്റെ വാക്കുകൾ യുവമനസ്സുകളെ കർത്തവ്യബോധത്തിന്റെ ഉൾക്കാമ്പിലേക്ക് അവരുടെ ചിന്തകളെ ചലിപ്പിക്കട്ടെ. പുത്തൻപ്രതീക്ഷകളോടെ, പുതുമയാർന്ന, പ്രവർത്തന ശൈലികളോടെ രൂപതാ യുവജനപ്രസ്ഥാനം '2010-വഴി' യിലൂടെ യാത്ര തുടങ്ങുമ്പോൾ സാമൂഹിക പ്രതിബദ്ധതയാർന്ന പ്രവർത്തനങ്ങളിലൂടെ, പ്രസ്ഥാനത്തിന് സ്മാരകങ്ങൾ നിർമ്മിക്കട്ടെ. കുടുംബം, ഗ്രാമസഭ, സന്നദ്ധ സേവനം പരിസ്ഥിതി എന്നീ മേഖലകളിൽ തിളക്കമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ.

കേരളം, ദൈവത്തിന്റെ സ്വന്തംനാട് - പക്ഷെ വികസനം മുരടിച്ച വിഷാദഭാവത്തിൽ കേഴുന്ന കാഴ്ച... മൂന്നാറിലും വയനാട്ടിലും അരങ്ങേറുന്ന കയ്യേറ്റങ്ങൾ... ആദിവാസികളുടെ മറവിൽ തഴച്ച് വളരുന്നു. സ്മാർട്ടാകാൻ കൊതിച്ച കേരളത്തിന്റെ സ്വപ്നം പാതിവഴിപോലും എത്തിയില്ല... റോഡുകളിലെ അഗാധഗർത്തങ്ങൾ മരണക്കെണിയൊരുക്കി പതുങ്ങിയിരിക്കുന്നു. ഗുണ്ടകളുടെ വിളയാട്ടം... തീവ്രവാദത്തിന്റെ വേരുകൾ... ആരോഗ്യമേഖയിലെ അനാസ്ഥ... കേന്ദ്രഗവൺമെന്റ് നൽകുന്ന ആയിരക്കണക്കിന് കോടിരൂപയുടെ ഉപയോഗം കേരളം നഷ്ടപ്പെടുത്തുന്നു.. കുട്ടനാടും ഇടുക്കിയുമൊക്കെ പാക്കേജുകളിൽ മാത്രം ഒതുങ്ങിപ്പോയി... മുല്ലപ്പെരിയാറും, ബന്ദിപ്പൂർ രാത്രി ഗതാഗതവും... പാതിവഴിയെ... ഒപ്പം ആഗോളതാപനം ഉയർത്തുന്ന വെല്ലുവിളികൾ... ലഹരിയുടെ അടിമയാക്കാൻ മദ്യക്കോളകളുടെ രൂപത്തിൽ ലഹരിമാഫിയ പുത്തൻ സാങ്കേതികവിദ്യകളുടെ മറവിൽ മൂല്യങ്ങൾ പിച്ചിചീന്തി സമൂഹത്തിന്റെ ധാർമ്മികതയെ തച്ചുടക്കുന്നു... ഇവിടെ പുത്തൻ യുവത ഉണർന്നെഴുന്നേൽക്കണം. പൗരൻ എന്ന നിലയിൽ, വിശ്വാസം മൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന ഒരു ജനനേതാവായി യുവാക്കൾ സമൂഹത്തിലേക്കിറങ്ങിവരണം... ഗ്രാമസഭകളിലെ സജീവ

പങ്കാളിത്തം വഴി..., പരിസ്ഥിതി സംരക്ഷകരായി, മൂല്യാധിഷ്ഠിത സമൂഹത്തിന്റെ ശില്പികളായി - രൂപതയിലെ മുഴുവൻ യുവജനങ്ങളും ഉണർന്നെഴുന്നേൽക്കട്ടെ.

സ്നേഹത്തോടെ,

**സണ്ണിയച്ചൻ**

**പ്രഥമ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്**

24-1-10 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് പ്രഥമ സെക്രട്ടറിയേറ്റ് ചേരുകയും പ്രവർത്തനങ്ങളെകുറിച്ച് വിലയിരുത്തുകയും ആലോചിക്കുകയും ചെയ്തു. അന്നുതന്നെ സിൻഡിക്കേറ്റ് ചേരുകയും 'വഴി-2010' മാർഗ്ഗരേഖയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

**സംസ്ഥാന സിൻഡിക്കേറ്റ്**

31-1-10 ന് എറണാകുളം സംസ്ഥാന കാര്യാലയത്തിൽ വച്ചുനടന്ന സിൻഡിക്കേറ്റിൽ രൂപതയിൽനിന്നും സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. അനീഷ് ഓമക്കര, കുമാരി ലിജി കളരിക്കൽ സംസ്ഥാന ഓഡിറ്റർ ശ്രീ. ബിനോയ് പാനികുളം എന്നിവർ പങ്കെടുത്തു.

**READY - 2010**

വിശ്വാസത്തിലധിഷ്ഠിതമായി വികസിത രാഷ്ട്രത്തെ ലക്ഷ്യമാക്കി പ്രവർത്തനോന്മുഖരാകുന്ന രൂപതയിലെ യുവജനങ്ങൾക്ക് ശക്തിയും ഓജസ്സും പകരുന്ന മേഖലാ ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും സംഗമവേദിയായ Ready-2010 4-2-10 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ഒരുവർഷത്തെ കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ വളർച്ചയും നന്മയും ചർച്ചചെയ്തു. മൂല്യങ്ങൾ കൊടുത്ത് യുവജനങ്ങളെ സഭയുടെ വക്താക്കളായി മാറ്റണമെന്ന് ബഹു. ജോർജ്ജ് മൂലയിൽ അച്ചൻ ഊന്നി പറഞ്ഞു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആനിമേറ്റർ സി. ജെസ്‌ലിമ SD തുടങ്ങിയവർ മീറ്റിംഗിന് നേതൃത്വം നൽകി. Ready യിൽ സംബന്ധിച്ച് സജീവമായ ചർച്ചയിൽ പങ്കെടുത്ത എല്ലാ വൈദീകർക്കും സിസ്റ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

**ഹൃദയം 2010 - രൂപതാനേതൃസംഗമം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 2010 പ്രവർത്തനവർഷത്തിന്റെ മാർഗ്ഗദർശിയായ വഴിയുടെ പ്രകാശനവും, 2010 വർഷ പ്രവർത്തന ഉത്ഘാടനവും, പുതിയ വർഷത്തെ യൂണിറ്റ്, മേഖല, രൂപതാ ഭാരവാഹികളുടെ നേതൃസംഗമവും, "ഹൃദയം 2010" ഫെബ്രുവരി 13-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. 130 ഓളം യുവജനങ്ങൾ പങ്കെടുത്ത സംഗമത്തിന്റെ ഉദ്ഘാടനം "റേഡിയോ മാറ്റൊലി"യുടെ ഡയറക്ടർ ഫാ.അഡ്വ. തോമസ് ജോസഫ് തേരകം നിർവ്വഹിച്ചു. ശ്രീ. ജോസ് പള്ളത്ത് "വഴി 2010" പ്രകാശനം നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം മുഖ്യപ്രഭാഷണം നടത്തി. രൂപതാപ്രസിഡണ്ട് സജിൻജോസ് ചാലിൽ അദ്ധ്യക്ഷതവഹിച്ചു. രൂപതാ ജനറൽ സെക്രട്ടറി ബെന്നി പച്ചിക്കൽ സ്വാഗതവും മേഖല ആനിമേറ്റേഴ്സ് റെപ്രസെന്റേറ്റീവ്

സി. അനിറ്റ് മരിയ വചനപ്രതിഷ്ഠയും നടത്തി. രൂപതാ ആനിമേറ്റർ സി. ജെസ്‌ലിമ എസ്.ഡി. മുൻഭാരവാഹികൾക്ക് മെമന്റോ വിതരണം ചെയ്തു. "വിശ്വാസയുവത – വികസിതരാഷ്ട്രം" എന്ന പ്രവർത്തനമുദ്രാവാക്യത്തെ ആസ്പദമാക്കി റവ.ഫാ. ജോയി വട്ടോലിൽ സി.എം.ഐ. ക്ലാസുകൾ നയിച്ചു. രൂപതാ വൈ.പ്രസിഡണ്ട് സീന ഇടമറ്റത്തിൽ, സെക്രട്ടറി വിപിൻ പനമട, നീന വടക്കേൽ, ആന്റണി മങ്കടപ്ര, സന്തോഷ് ഞാറക്കുളം, ജെസ്സോയി മൂങ്ങനാനിയിൽ, ജോജോ വരവ്കാലായിൽ, ബിനോയ് പാനികുളം, ഹർഷ തോമസ്, ആൻസി തേക്കാനത്ത്, ട്രീസ, പുളിക്കകണ്ടത്തിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**കൊട്ടിയൂർ മേഖല നേതൃസംഗമം**

വിശ്വാസയുവത – വികസിതരാഷ്ട്രം എന്ന പ്രവർത്തന മുദ്രാവാക്യം വർഷാരംഭത്തിൽ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് പ്രവർത്തനങ്ങളുടെ പ്രകമ്പനം സൃഷ്ടിച്ച് കൊട്ടിയൂർ മേഖലയിലെ യുവജനങ്ങളുടെ മനസ്സിൽ ഇടം നേടാനായി ഫെബ്രുവരി 7–ന് കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വെച്ച് മേഖലാ നേതൃസംഗമം നടന്നു. മേഖലാ ഡയറക്ടർ റവ.ഫാ. ഡെന്നീസ് പൂവത്തിങ്കൽ സ്വാഗതം പറഞ്ഞു. കൊട്ടിയൂർ ഇടവകവികാരി റവ.ഫാ. വിൻസെന്റ് താമരശേരി ഉത്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണം നടത്തി. രൂപതാപ്രസിഡണ്ട് സജിൻ ജോസ് ചാലിൽ, ജനറൽ സെക്രട്ടറി ബെന്നി പച്ചിക്കൽ, റവ.ഫാ. മനോജ് കാക്കോനാൽ തുടങ്ങിയവർ ആശംസാപ്രസംഗം നടത്തി. നേതൃസംഗമം സംഘടിപ്പിക്കാൻ പരിശ്രമിച്ച മേഖല സമിതിക്ക് രൂപതയുടെ അഭിനന്ദനങ്ങൾ. 50 പേർ പങ്കെടുത്ത നേതൃസംഗമത്തിൽ വെച്ച് മേഖലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. 2010 പ്രവർത്തന വർഷത്തിൽ ചുമതലയേറ്റ ഭാരവാഹികൾക്ക് പ്രാർത്ഥനാമംഗളങ്ങൾ.

**ആത്മദർശൻ 2010**

ക്രിസ്തുനാഥന്റെ പീഢാനുഭവത്തിന്റെ ഓർമ്മകൾ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് ലോകസമാധാനത്തിനായി കെ.സി.വൈ.എം. അംഗങ്ങൾ വർഷംതോറും നടത്താറുള്ള മലയാറ്റൂർ പദയാത്ര പ്രാർത്ഥനാസംഗമം മാർച്ച് 6,20,25 തീയതികളിൽ നടത്തപ്പെടുന്നു. പ്രാർത്ഥനാസംഗമത്തിൽ പങ്കെടുക്കുന്നവർക്ക് മാത്രമെ മലയാറ്റൂർ തീർത്ഥാടനത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. മാർച്ച് 26–ന് ദ്വാരകയിൽ നിന്ന് ആരംഭിച്ച് മലയാറ്റൂരിൽ പര്യവസാനിക്കും.

**CANA 2010**

ആനിമേറ്റർമാരുടെ സംഗമവേദിയായ "കാന 2010" മാർച്ച് 6–ന് മാനന്തവാടി ടൗൺ ചർച്ചിൽ വെച്ച് മാനന്തവാടി, കല്ലോടി, പയ്യംപള്ളി മേഖലകളിലെ ആനിമേറ്റേഴ്സിനായി നടത്തപ്പെടുന്നു. മാർച്ച് 21–ന് കൽപറ്റ ഡിപോളിൽ വെച്ച് തരിയോട്, കൽപറ്റ മേഖലകളിലെ ആനിമേറ്റേഴ്സിനും നടത്തപ്പെടുന്നു. ഈ ദിവസങ്ങളിൽ എല്ലാ മേഖല യൂണിറ്റ് ആനിമേറ്റേഴ്സും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**യുവസാന്ത്വന - കൗൺസിലിംഗ് സെന്റർ**

ജീവിതത്തിലെ വിവിധ പ്രശ്നങ്ങളാൽ വീർപ്പുമുട്ടി, അസ്വസ്ഥരായി കഴിയുന്ന യുവജനങ്ങൾക്ക് നഷ്ടപ്പെട്ടുപോയ ഉണർവ്വും ഉത്സാഹവും വീണ്ടെടുക്കുവാൻ, പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ, ജീവിത യാഥാർത്ഥ്യങ്ങളെ മനോധൈര്യത്തോടും ആത്മവിശ്വാസത്തോടുംകൂടെ നേരിടുവാൻ ശാസ്ത്രീയമായ രീതിയിൽ നടത്തുന്ന കൗൺസിലിംഗ് നിങ്ങളെ സഹായിക്കുന്നു. രൂപതാതലത്തിൽ മാർച്ച് 10-ന് ആരംഭിക്കുന്ന കൗൺസിലിംഗ് സെന്റർ തുടക്കത്തിൽ മാസത്തിൽ ഒരുദിവസം പ്രവർത്തിക്കുന്നു. സഹായം ആവശ്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. കൗൺസിലിംഗിൽ വിദഗ്ദ പരിശീലനം നേടിയവരുടെ നേതൃത്വത്തിലാണ് ഈ സെന്റർ പ്രവർത്തിക്കുക... വിശദവിവരങ്ങൾക്ക് - ഫോൺ: 04935-240339.

## Membership Campain - മാർച്ച് 13-ന്

കെ.സി.വൈ.എം. അംഗത്വ സ്വീകരണദിനമായി രൂപത മുഴുവൻ മാർച്ച് 13 ശനിയാഴ്ച ആചരിക്കുന്നു. അന്നേദിനം യുവജനങ്ങൾ ഒരുമിച്ചുകൂടി വി. ബലിയിൽ പങ്കെടുക്കുകയും ശേഷം നടക്കുന്ന യോഗത്തിൽ ഇടവകയിലെ മുഴുവൻ യുവജനങ്ങളുടെയും പേര് സ്വീകരിക്കുകയും അവർക്ക് കെ. സി.വൈ.എം. ൽ അംഗത്വം നൽകുകയും ചെയ്യണം. രൂപതയിൽ നിന്ന് തരുന്ന ബയോഡേറ്റ പൂരിപ്പിച്ച് പാസ്പോർട്ട് സൈസ് ഫോട്ടോയോടുകൂടി രൂപതാ ഓഫീസിൽ എത്തിക്കണം. മൂന്നുവർഷത്തെ കാലാവധിയോട് കൂടി നൽകുന്ന അംഗത്വ കാർഡിന് 15 രൂപ ചാർജ് നൽകണം. രൂപതാതലത്തിലെ ഔദ്യോഗിക ഉദ്ഘാടനം മണിമൂളിയിലെ തലഞ്ഞിയിൽവച്ച് ഫെബ്രുവരി 26 ന് നടക്കുന്നതാണ്.

**ഹൃദയപൂർവ്വം സ്വാഗതം**

പുതിയ പ്രവർത്തനവർഷത്തെ മേഖലാ ഡയറക്ടേഴ്സിന്റെ റെപ്രസെന്റേറ്റീവ് ആയി നിയമിതനായ കല്ലോടി മേഖലാ ഡയറക്ടർ റവ.ഫാ. മൈക്കിൾ വടക്കേമുളഞ്ഞിനാൽ, ആനിമേറ്റർമാരായി ചുമതലയേറ്റ ഗൂഡല്ലൂർമേഖല ആനിമേറ്റർ സി. ലാലി ഒ.എൽ.പി., കൊട്ടിയൂർ മേഖല ആനിമേറ്റർ സി.മേരി ജോർജ് എസ്.കെ.ഡി., കൽപറ്റമേഖല ആനിമേറ്റർ സി. മേഴ്സി ജോബ് എസ്.എ.ബി.എസ്. എന്നിവരെ കെ.സി.വൈ.എം. കുടുംബത്തിലേയ്ക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

**സംസ്ഥാന ഡയറക്ടേഴ്സ് സംഗമം**

ഫെബ്രുവരി 18-ന് സംസ്ഥാന കെ.സി.വൈ.എം. കാര്യാലയത്തിൽവച്ച് നടന്ന എല്ലാ രൂപതാഡയറക്ടർമാരുടെയും സംഗമത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം പങ്കെടുത്തു.

**നന്ദിയോടെ സണ്ണി ചാലിലിന്**

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനം മാനന്തവാടി രൂപതയിൽ പിച്ചവെച്ച് തുടങ്ങിയ കാലംമുതൽ പ്രസ്ഥാനത്തിന് വേണ്ടി ആരോഗ്യവും സമയവും ചിലവഴിച്ച ശ്രീ. സണ്ണി ജോസ് ചാലിൽ കാലം തീർത്ത വിടവിലൂടെ പ്രസ്ഥാനത്തിന്റെ അംഗത്വത്തിൽ നിന്ന് പടിയിറങ്ങുമ്പോൾ വാക്കു

കളിൽ പ്രകടിപ്പിക്കുന്ന നന്ദിയേക്കാൾ ഉപരിയായി മാനന്തവാടി രൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും പേരിലുള്ള സ്നേഹവും കൃതജ്ഞതയും സമർപ്പിക്കുന്നു.

**മേഖലാവാർത്തകൾ - പയ്യമ്പള്ളിമേഖല**

ജനുവരി 3-ന് മേഖലാ സെനറ്റ് നടത്തുകയും 2010 വർഷത്തിൽ മേഖലയെ നയിക്കേണ്ട ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. മേഖലയ്ക്ക് ഫണ്ട് ശേഖരിക്കുന്നതിന്റെ ഭാഗമായി മേഖലയുടെ കീഴിൽ വരുന്ന പള്ളികളിൽ തിരുനാളിനോടനുബന്ധിച്ച് ഐസ്ക്രീം വിൽക്കുവാൻ തീരുമാനിക്കുകയും വിൽപന നടത്തി ഫണ്ട് ശേഖരിക്കുകയും ചെയ്തു. ജനുവരി 23-ന് മേഖലാ ആനിമേറ്റർ സി. വിൻസി എഫ്.സി.സി.യുടെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി.

**മാനന്തവാടി മേഖല**

25-1-10 ന് സിൻഡിക്കേറ്റ് കൂടുകയും 2010 പ്രവർത്തനവർഷത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. മദ്യം എന്ന വിപത്തിനെതിരെ സമൂഹത്തെ ബോധവാൻമാരാക്കാൻ തെരുവുനാടകം നടത്താനും അമിതമായ കീടനാശിനി ഉപയോഗം മൂലം ഉണ്ടാകുന്ന ക്യാൻസർ രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കാൻ ലീഫ്ലെറ്റ് ഉണ്ടാക്കുവാനും തീരുമാനിച്ചു.

**മരക്കടവ് യൂണിറ്റ്**

കെ.സി.വൈ.എം. മരക്കടവ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സൗജന്യ രക്തനിർണ്ണയ ക്യാമ്പ് നടത്തി. മരക്കടവ് സെന്റ് ജോസഫ് ചർച്ച് വികാരി റവ.ഫാ. ജോർജ് കിഴക്കുമ്പുറം ഉത്ഘാടന കർമ്മം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡണ്ട് ഷിൻസ്, ആനിമേറ്റർ സി. ലിസ്സി ജോസ് എസ്.സി.വി., ജിൻസി, ഷെനിമോൾ, ജോബി, സോനു, നജീബ് എന്നിവർ പ്രസംഗിച്ചു. 100-ൽ പരം ആളുകൾ രക്ത നിർണ്ണയക്യാമ്പിൽ പങ്കെടുത്തു.

**ഒണ്ടയങ്ങാടി യൂണിറ്റ്**

2010 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. ഇടവക തിരുനാളിനോട് അനുബന്ധിച്ചുള്ള അലങ്കാരങ്ങൾ, പ്രദക്ഷിണം, കലാപരിപാടികൾ, കാഴ്ചവയ്പ് എന്നിവ കെ.സി.വൈ.എം. അംഗങ്ങൾ നടത്തുകയും തിരുനാൾ മനോഹരമാക്കി തീർക്കുകയും ചെയ്തു.

**പയ്യമ്പള്ളി യൂണിറ്റ്**

തിരുനാളിനോട് അനുബന്ധിച്ച് അലങ്കാരത്തിലും പ്രദക്ഷിണത്തിലും അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും പ്രദക്ഷിണത്തിന് മുന്നോടിയായി റോഡ്സൈഡിലെ കാടുകൾ വെട്ടി വൃത്തിയാക്കുകയും ചെയ്തു. ഫണ്ട് ശേഖരണാർത്ഥം തിരുനാൾദിനങ്ങളിൽ കൂൾബാർ, ഐസ്ക്രീം സ്റ്റാൾ എന്നിവ നടത്തി ഫണ്ട് ശേഖരിച്ചു.

എന്ന്,

**ബെന്നി പച്ചിക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ, ജനുവരി 21 മുതൽ 24 വരെ നടന്ന കോഴ്സിൽ 93 പേരും, ഫെബ്രുവരി 07 മുതൽ 10 വരെ നടന്ന കോഴ്സിൽ 93 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| മാർച്ച് 05-08 | - | പാസ്റ്ററൽ സെന്റർ മണിമൂളി |
| മാർച്ച് 14-17 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 26-30 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**2010 ജനുവരി മുതൽ കോഴ്സിന് രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്. കോഴ്സ് ബുക്ക് ചെയ്യാൻ വരുമ്പോൾ വികാരിയച്ചനോട് 2010 ലെ Time Table അന്വേഷിച്ച് കോഴ്സിന്റെ സമയം അറിഞ്ഞിട്ട് വന്നാൽ രജിസ്ട്രേഷൻ എളുപ്പമാകും.**

**കത്തോലിക്കാ മാതൃസംഘടന**

16 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാ ഡയറക്ടർ ബഹു. ഡെന്നിസച്ചന്റെ നേതൃത്വത്തിൽ സംയുക്ത എക്സിക്യൂട്ടീവ് ചേർന്നു. 13 അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗ് പ്രാർത്ഥനയോടെ ആരംഭിക്കുകയും ശ്രീ. ലിസിദാസ് സ്വാഗതമാശംസിക്കുകയും ചെയ്തു. തുടർന്ന് 24-ാം വാർഷികത്തോടനുബന്ധിച്ചുള്ള കലാമത്സരങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു. അടുത്ത എക്സിക്യൂട്ടീവ് മാർച്ച് 16-ന് 10 മണിക്ക്.

**മാതൃസംഘടന ആന്തരചന മത്സരത്തിന്റെ രചനകൾ മാർച്ച് 31 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.**

**ബത്തേരി മേഖല**

ബത്തേരി മേഖലയിലെ രൂപതാവിസിറ്റ് 13-ന് നടന്നു. മേഖല ഡയറക്ടർ ബഹു. ജോണിയച്ചൻ ഏവർക്കും സ്വാഗതം പറഞ്ഞു. ബത്തേരി വികാരി സ്റ്റീഫനച്ചൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അധ്യക്ഷപ്രസംഗത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ അമ്മമാരെ വിസിറ്റിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ബോധവത്ക്കരിച്ചു. തുടർന്ന് രൂപതാആനിമേറ്റർ അമ്മമാർക്കായി ഒരു മണിക്കൂർ ക്ലാസ്സെടുത്തു. തുടർന്ന് ഓരോ

ശാഖയിൽ നിന്നു വന്ന അമ്മമാരെ ഗ്രൂപ്പായി തിരിച്ചു രൂപതാഭാരവാഹിക ളുടെ നേതൃത്വത്തിൽ അവരുടെ പ്രശ്നങ്ങൾ വിശകലനം ചെയ്തു. കണക്കും റിക്കാർഡും പരിശോധിച്ചു. തുടർന്ന് അവരുടെ ചർച്ചയുടെ വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. അവരുടെ സംശയങ്ങൾക്ക് മറുപടിയും വേണ്ടതായ നിർദ്ദേശങ്ങളും ഡയറക്ടർ നൽകി 2 മണിയോടെ യോഗം അവസാനിച്ചു.

**വലിയകൊല്ലി ശാഖ**

മാനന്തവാടി മേഖലയിൽ പുതുതായി ആരംഭിച്ച വലിയകൊല്ലി ശാഖയ്ക്ക് നന്മയും അനുഗ്രഹവും മാതൃസംഘടന കൂട്ടായ്മയിലേയ്ക്ക് സ്വാഗതവും.

| | | |
|---|---|---|
| ഡയറക്ടർ | - | റവ.ഫാ. തോമസ് കോയിക്കാട്ടിൽ |
| ആനിമേറ്റർ | - | സി. അൽഫോൻസ് ലിയോ |
| പ്രസിഡന്റ് | - | ശ്രീ. എൽസി വട്ടമറ്റം |
| വൈ.പ്രസിഡണ്ട് | - | ശ്രീ. മേരി കരിയാറ്റിൽ |
| സെക്രട്ടറി | - | ശ്രീ. ബെറ്റി മച്ചുകുഴി |
| ജോ.സെക്രട്ടറി | - | ശ്രീ. സെലിൻ അടുക്കോലി |
| ട്രഷറർ | - | ശ്രീ. മേരി വയലിൽപുളിയാനി |

**ഏലപ്പീടിക ശാഖ**

ഏലപ്പീടിക ഇടവകയിൽ വികാരി റവ.ഫാ. ചാക്കോ വാഴക്കാലായുടെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീ. ലിസമ്മ മഠത്തിപ്പറമ്പിന്റെ അധ്യക്ഷതയിൽ ആനിമേറ്റർ സി. ജോസ്നയുടെ സാന്നിദ്ധ്യത്തിൽ മാതൃസംഘത്തിന്റെ മീറ്റിംഗ് നടത്തി. പള്ളിപരിസരം വൃത്തിയാക്കി, റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു, അമ്മമാരുടെ നേതൃത്വത്തിൽ തിരുനാളിന് ഒരുക്കമായി ജപമാല നടത്തി, കലാപരിപാടികളെപ്പറ്റി ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**പോരൂർ ശാഖ**

30-ന് നടന്ന മാതൃസംഘടനയുടെ ജനറൽ ബോഡിയിൽ പ്രാർത്ഥിക്കുന്ന കുടുംബത്തിലെ ദൈവാനുഗ്രഹമുള്ളു എന്ന വിഷയത്തെകുറിച്ച് ബഹു. തോമസച്ചൻ ക്ലാസ് നയിച്ചു. ശാഖാവാർഷികം ആഘോഷിച്ചു. തോമസച്ചൻ പരിപാടി ഉൽഘാടനം ചെയ്തു. കലാമത്സരങ്ങൾ നടത്തുകയും വിജയികളായവർക്ക് സമ്മാനം നൽകുകയും ചെയ്തു. മേഖലാ ആനിമേറ്റർ സി. അനിലയുടെ അദ്ധ്യക്ഷതയിൽ സമാപന സമ്മേളനവും നടത്തി. 200 അമ്മമാർ പങ്കെടുത്തു.

**മരിയൻ സിംഗിൾസ്**

16-2-2010 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി. 14 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മാർച്ച് 22-ന് 10 മണിക്ക് നടത്തപ്പെടുന്നതാണ്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

2010 ഫെബ്രുവരി 5 ആദ്യവെള്ളി സോണൽ മീറ്റിംഗിനായി 60 ശുശ്രൂഷകർ ബഹു. ബാബു പാറയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ സീയോൻ ചാപ്പലിൽ ഒന്നിച്ചു ചേർന്നു. 10 മണിക്ക് ആരാധന ആരംഭിച്ചു. 10-11 വരെ ശ്രീ. ചാക്കോച്ചൻ പുത്തൻപുര ഓരോ രഹസ്യത്തിനും വിവിധ നിയോഗങ്ങളോടെ ജപമാല നയിച്ചു. 11-12 ശ്രീമതി എത്സി കുളത്തിങ്കൽ സ്തുതി, നന്ദി, ആരാധനാ കീർത്തനങ്ങളോടെയും മദ്ധ്യസ്ഥ പ്രാർത്ഥനയുമായി തിരുസന്നിധിയിൽ ഹൃദയം ഉയർത്തി പ്രാർത്ഥിക്കുവാൻ ഗ്രൂപ്പിനെ നയിച്ചു. 12 മണിയ്ക്കു സി.എം.എൽ. രൂപതാ ഡയറക്ടർ ബഹു. ടോമി പുത്തൻപുര അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. നമ്മുടെ പ്രാർത്ഥനയ്ക്ക് ഉടൻ ഉത്തരം കിട്ടിയില്ലെങ്കിലും ദൈവം നമ്മുടെ പ്രാർത്ഥന കേട്ടിട്ടുണ്ട്. വേണ്ട സമയത്ത് ദൈവം നമുക്ക് വേണ്ടത് തരും. ഈ ലോകത്തിലെ നശ്വരകാര്യങ്ങൾക്കുവേണ്ടിയല്ല പരിശുദ്ധാത്മാവ് നമ്മിൽ നിറയുവാൻ വേണ്ടിയാണ് നാം പ്രാർത്ഥിക്കേണ്ടത്. ബഹു. ടോമി അച്ചൻ ഉദ്ബോധിപ്പിച്ചു.

വി. ബലിയ്ക്കുശേഷം സീയോനിലെ മുഴുവൻ ശുശ്രൂഷകരുടെയും ഫോൺ നമ്പർ അടങ്ങിയ ലിസ്റ്റ് വോളണ്ടിയേഴ്സ് കോർഡിനേറ്റർ ശ്രീ. ടോമി കുന്നത്ത് തയ്യാറാക്കി എല്ലാവർക്കും നൽകി. പൊതുവായ കാര്യങ്ങൾ അറിയിച്ചു. ലഘുഭക്ഷണത്തിനുശേഷം സർവ്വീസ് ടീം മീറ്റിംഗ് നടത്തി സുപ്രധാനമായ തീരുമാനങ്ങൾ എടുത്തു. തുടർന്ന് ശുശ്രൂഷകർ എൽഡറിംഗിനും പാസ്റ്ററിംഗിനുമായി സമയം വിനിയോഗിച്ചു.

**ജാഗരണപ്രാർത്ഥന**

6-6.30 p.m. മൗനപ്രാർത്ഥയും 6.30 ജപമാല പ്രാർത്ഥനയും നടത്തി വി. ബലിക്കായി ഒരുങ്ങി. 7 p.m. ന് ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. 12 മണിവരെ തുടർന്ന ജാഗരണ പ്രാർത്ഥന സിയോൻ ടീമും മ്യൂസിക് ടീമും ചേർന്ന് നയിച്ചു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ സമാപന ആശീർവ്വാദം നൽകി.

**ആദ്യശനി ഏകദിന കൺവെൻഷൻ & ക്രിസ്റ്റീൻ പ്രോഗ്രാം**

6-2-10 ന് പ്രഭാതത്തിൽ പരിശുദ്ധ അമ്മയുടെ സന്നിധിയിൽ

അണഞ്ഞ ശുശ്രൂഷകർ സിയോനും ചുറ്റും നടന്ന് അമ്മയുടെ ജപമാല യിൽ ഇന്നത്തെ ശുശ്രൂഷകളെയും ശുശ്രൂഷകരെയും കടന്നുവരുന്ന മക്ക ളെയും ചേർത്തു വച്ച് പ്രാർത്ഥിച്ചു. അനന്തരം ബഹു. പാറയിൽ അച്ചൻ വചന സന്ദേശം തന്ന് ശുശ്രൂഷകരെ പ്രാർത്ഥിച്ച് ഒരുക്കി വി. ജലം തളിച്ച് അഭിഷേചിച്ചു. ഹാളിനേയും വി. ജലം തളിച്ചു വിശുദ്ധീകരിച്ചു.

ഒരുക്കശുശ്രൂഷകൾ, പ്രഭാതഭക്ഷണം ഇവയ്ക്കുശേഷം സ്റ്റേജിലെ പ്രോഗ്രാമുകൾ 8.30 ന് ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന ഇവ പതിവുപോലെ ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. 11-12 ശ്രീ. ജോസ് തേനംമാക്കൽ വചനം പങ്കു വച്ചു. 12 മണിക്ക് സിയോൻ സഞ്ചാരിയായിരുന്ന, ജീസസ് യൂത്തിലും ക്രിസ്റ്റീൻ മിനിസ്ട്രിയിൽ പ്രവർത്തിച്ച് വളർന്ന് പുരോഹിതനായി ഉയർത്തപ്പെട്ട ബഹു. വിനോദ് പാക്കാ നിക്കുഴി അച്ചനെ ബഹു. പാറയിൽ അച്ചൻ സ്വാഗതം ചെയ്യുകയും കോർഡി നേറ്റർ ശ്രീ. ബേബി മൂത്തേടം പൂവ് നൽകി അനുമോദിക്കുകയും ചെയ്തു. ബഹു. വിനോദ് അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ലഘുഭ ക്ഷണം, സാക്ഷ്യങ്ങൾ ഇവയ്ക്കുശേഷം ദിവ്യകാരുണ്യ ആരാധന, സൗഖ്യ പ്രാർത്ഥന, ദിവ്യകാരുണ്യ പ്രദക്ഷിണം ഇവ നടത്തി. ആരാധനയുടേയും ദിവ്യകാരുണ്യ പ്രദക്ഷിണത്തിന്റെയും സമയം തമ്പുരാനെ തൊട്ട്, തമ്പു രാൻ തൊട്ട നിമിഷങ്ങളായിരുന്നു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഉണ്ടായിരുന്നു. ക്രിസ്റ്റിൻ മക്കൾക്കായി സിയോൻ ചാപ്പലിൽ പ്രോഗ്രാം നടത്തി.

**രണ്ടാം ശനി ശുശ്രൂഷകൾ 13-2-10**

**കൗൺസിലിംഗ് ദിനം**

രണ്ടാം വെള്ളി രാത്രിയിൽ പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് 13-2- ന് 9.30 a.m. ന് ശുശ്രൂഷ ആരംഭിച്ചു. ധാരാളം പേർ വന്ന് കൗൺസി ലിംഗ് നടത്തി പോയി.

**യുവജന കൂട്ടായ്മ**

35 യുവജനങ്ങൾ പങ്കെടുത്തു. ജീസസ് യൂത്ത് ലീഡേഴ്സ് തലേ രാത്രി 6-12 ജാഗരണ പ്രാർത്ഥന നടത്തി. രാവിലെ കൗൺസിലിംഗും നടത്തി. ഒരുങ്ങിയ ലീഡേഴ്സും ബഹു. പ്രിൻസ് അച്ചനും ചേർന്നാണ് ശുശ്രൂഷ കൾ നയിച്ചത്. ബഹു. അച്ചൻ വി. ബലി അർപ്പിച്ച് വചനം പങ്കു വെച്ചു.

**ദമ്പതീകൂട്ടായ്മ**

10 മണിക്ക് ജപമാലയോടെ ആരംഭിച്ചു. സ്തുതി ആരാധനയും നന്ദിയും ശ്രീ. ജയിംസ് അമ്പലത്തറയും ശ്രീമതി മേരി പേരുകോട്ടിലും ചേർന്ന് നയിച്ചു. 11 മണിക്ക് മലബാർ സബ്ബ് റീജണൽ കോർഡിനേറ്റർ ശ്രീ. സന്തോഷ് തലച്ചിറ ക്ലാസെടുത്തു. സ്നേഹിക്കപ്പെടുവാനും സ്നേഹി ക്കുവാനും ഉള്ള വേദിയാണ് കുടുംബം. സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ കുടുംബജീവിതം പടുത്തുയർത്തണമെന്നും അനുസ്മരിപ്പിച്ചു. തുടർന്ന്

ഏപ്രിൽ 5-8 വരെ ഡിവൈനിൽ നടക്കുന്ന All Kerala Couples Conferance നെ കുറിച്ച് കെ.എസ്.റ്റി കപ്പിൾസ് മിനിസ്ട്രി കോർഡിനേറ്റർ ശ്രീ.ഫ്രാൻസീസ് പുല്ലൻ നിർദ്ദേശങ്ങൾ നൽകി. ബഹു. മാത്യു കാട്ടറാത്ത് അച്ചൻ വി. ബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ദിവ്യകാരുണ്യ ആരാധന നടത്തി.

**മൂന്നാം വെള്ളി - സൗഖ്യദിനം**

ധാരാളം പേർ സൗഖ്യദിനത്തിലെ പ്രാർത്ഥനയിൽ പങ്കെടുത്തു. 9.30 ന് ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ജപമാല, സ്തുതി, നന്ദി, ആരാധനാ മന്ത്രങ്ങളും മദ്ധ്യസ്ഥപ്രാർത്ഥനയും സമർപ്പിച്ച് പ്രാർത്ഥിച്ചു. വി.ബലി, കുമ്പസാരം, കൗൺസിലിംഗ് ഇവ ഉണ്ടായിരുന്നു. സിയോൻ ടീം നേതൃത്വം നൽകി.

**ധ്യാനങ്ങൾ**

ദീപ്തിഗിരി ഇടവകയിൽ ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് ധ്യാനം നടത്തി. കൂടാതെ കല്യാൺ രൂപതയിൽ രണ്ട് ധ്യാനങ്ങളും ഒരു കൺവെൻഷനും ബഹു. പാറയിൽ അച്ചൻ നടത്തി.

**ഇവാഞ്ചലൈസേഷൻ മിനിസ്ട്രി**

ദീപ്തിഗിരി ഇടവകയിൽ ഫെബ്രുവരി 1-4 തീയതികളിലും കേണിച്ചിറ ഇടവകയിൽ 21-24 തീയതികളിലും കോർഡിനേറ്റർ ശ്രീ. ജോസ് തേനംമാക്കലിന്റെ നേതൃത്വത്തിൽ പ്രോഗ്രാം നടത്തി. 17-2 ന് പുതുപ്പാടി ജൂബിലി ധ്യാന കേന്ദ്രത്തിൽ വച്ച് മാനന്തവാടി കോഴിക്കോട് സബ് റീജന്റെ ഏകോപിച്ചുള്ള ഒരു ഏകദിന ട്രെയിനിംഗ് പ്രോഗ്രാം 9.30-3.30 വരെ നടത്തി. ടീം അംഗങ്ങൾ സംബന്ധിച്ചു.

**പ്രോലൈഫ് മിനിസ്ട്രി**

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യനും അമൂല്യനാണെന്നും ആ ജീവനെ അതിന്റെ ആരംഭം മുതൽ സ്വാഭാവികമായ അന്ത്യം വരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും സംരക്ഷിക്കുകയും ശുശ്രൂഷിക്കുകയും വേണമെന്നതാണ് ദൈവഹിതം. അതിനെതിരായി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ചിന്തപോലും പാപമാണെന്നതാണ് പ്രോലൈഫ് സമിതിയുടെ അടിസ്ഥാന പ്രമാണം.

മാനന്തവാടി രൂപതയിൽ സിയോൻ പ്രോ-ലൈഫ് മൂവ്മെന്റ് രൂപീകൃതമായിട്ട് അഞ്ച് വർഷമായി. ജീവന്റെ സന്ദേശം ഇടവകയിലൂടെ വിശ്വാസികളിലേക്ക് എത്തിക്കുന്നതിനുള്ള കൂട്ടായ പരിശ്രമം നടന്നു വരുന്നു. ഈ അടുത്തകാലത്ത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ദയാവധത്തിന് നിയമപരിരക്ഷ നൽകുന്നതിനും രണ്ടിൽ കൂടുതൽ കുഞ്ഞുങ്ങൾ ഉണ്ടാകുന്ന മാതാപിതാക്കളെ ശിക്ഷിക്കുന്നതിനുമുള്ള നിയമനിർമ്മാണ നീക്കത്തിനെതിരെ ബഹുമുഖമായ പ്രതിഷേധ സമരങ്ങൾ നടത്തുവാൻ സിയോൻ പ്രോലൈഫ്

മൂവ്മെന്റിന് കഴിഞ്ഞു. ജീവനെതിരായി നാം ഉൾപ്പെടുന്ന സമൂഹം ചെയ്തു കൂട്ടുന്ന പാപങ്ങൾ പൊറുത്ത് നമ്മോട് കരുണ കാണിക്കണമേയെന്ന് പ്രാർത്ഥിക്കുകയും അതോടൊപ്പം ഓരോ ജീവന്റെയും സംരക്ഷണത്തിനും സമൃദ്ധിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയുമാണ് സിയോൻ പ്രോലൈഫ് സമിതി ചെയ്യുന്നത്.

**പ്രധാന പ്രവർത്തനങ്ങൾ**

ജീവൻ എപ്പോൾ എങ്ങനെ രൂപംകൊള്ളുന്നു എന്നും ഓരോ ജീവ നേയും ദൈവം എത്രകരുതലോടെയാണ് സൃഷ്ടിച്ച് പരിപാലിക്കുന്നതെന്നും വിശ്വാസികളെ ബോദ്ധ്യപ്പെടുത്തുന്ന എക്സിബിഷനിൽ ഫ്ളക്സ് പോസ്റ്റ റുകൾ, LCD പ്രദർശനം 4 ആഴ്ച മുതൽ 38 ആഴ്ച വരെയുള്ള ഗർഭസ്ഥ ശിശുവിന്റെ ശരീര വളർച്ച, വിശദമായ ക്ലാസുകൾ എന്നിവ ഒരുക്കിയിരി ക്കുന്നു. കല്പറ്റ ഫാത്തിമ മാതാ നേഴ്സിംഗ് സ്കൂളിന്റെ നിർലോഭമായ സഹകരണം പ്രദർശനത്തിന് ലഭിച്ചു വരുന്നു. മുതിർന്നവർക്കും സൺഡേ സ്കൂൾ കുട്ടികൾക്കും പ്രത്യേകം പ്രദർശനങ്ങളാണ് നടത്തുന്നത്. ജനുവരി 9 ന് കാവുംമന്ദത്തുവച്ച് മാതാപിതാക്കൾക്കായി പ്രസ്തുത പ്രദർശനം നട ത്തുകയുണ്ടായി. ഫൊറോനാ മാതൃസംഘമാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. നിലമ്പൂർ, നടവയൽ, കല്പ്പറ്റ, പുൽപ്പള്ളി എന്നീ ഫൊറോനകളിലെ 30 ഓളം പള്ളികളിൽ പ്രദർശനം നടത്തി. മിഷൻലീഗിന്റെ സംസ്ഥാന കലോ ത്സവത്തോടനുബന്ധിച്ച് ബത്തേരിയിൽ നടത്തിയ പ്രദർശനത്തിലൂടെ, ഗർഭി ണിയുടെ ഉദരത്തിൽ വളരുന്ന കുഞ്ഞിന്റെ യഥാർത്ഥ വീഡിയോ പ്രദർശന ത്തിലൂടെ, ഗർഭസ്ഥ ശിശുക്കളെ നേരിൽ കാണുവാൻ കഴിയുന്നതിലൂടെയും ഗർഭസ്ഥശിശുവിനെ പറ്റിയുള്ള പൂർണ്ണമായ ബോധ്യം ലഭിക്കുന്നതിലൂടെ അബോർഷൻ എത്രമാത്രം നീചവും ഭീകരവും കുഞ്ഞിന് വേദനാജനകവും ദൈവം ഏറ്റവും വെറുക്കുന്ന പാപവും ആണെന്നുള്ള തിരിച്ചറിവ് ഓരോരു ത്തർക്കും ഉണ്ടാകുന്നു.

**ജീവജ്യോതി അവാർഡ്**

2006 ജനുവരി 1 നു ശേഷം നാലോ അതിൽ കൂടുതലോ മക്കളുണ്ടാ കുന്ന കത്തോലിക്കാ ദമ്പതികൾക്ക് ജീവജ്യോതി അവാർഡ് നൽകി ആദ രിച്ചു വരുന്നു. പുതിയിടം, കേണിച്ചിറ, പാടിച്ചിറ, കല്പ്പറ്റ എന്നീ ഇടവകക ളിലെ ദമ്പതിമാർക്ക് ഇതിനകം അവാർഡ് നൽകുകയുണ്ടായി.

**അബോർഷനിൽ നിന്നും ഗർഭസ്ഥ ശിശുക്കളെ രക്ഷിച്ച് സംരക്ഷിക്കുന്നു**

അപമാന ഭാരത്താൽ ഉദരത്തിലെ കുഞ്ഞിനെ നശിപ്പിക്കുവാൻ ഒരു ങ്ങുന്ന സ്ത്രീകൾക്ക് അപമാനഭീതി കൂടാതെ പ്രസവിക്കുന്നതിനും കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കുന്നതിനും സൗകര്യം ഒരുക്കുന്നു.

**ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും**

എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം 8 മുതൽ 9 വരെ ജീവനു വേണ്ടിയുള്ള പ്രാർത്ഥനയും എല്ലാ രണ്ടാം ബുധനാഴ്ചകളിൽ വൈകുന്നേരം 7-9 കല്പറ്റ ഫാത്തിമ ഹോസ്പിറ്റൽ ചാപ്പലിൽ വച്ച് ഗർഭിണികൾക്കും ഗർഭസ്ഥശിശുക്കൾക്കും വന്ധ്യത അനുഭവിക്കുന്നവർക്കും രോഗാവസ്ഥയിലുള്ള ശിശുക്കൾ അബോർഷനിലൂടെ നശിപ്പിക്കപ്പെടാൻ പോകുന്ന ഗർഭസ്ഥ ശിശുക്കൾ എന്നിവർക്കായി ദിവ്യകാരുണ്യ ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടന്നുവരുന്നു. പ്രസ്തുത ആരാധനയിലൂടെ വന്ധ്യത അനുഭവിച്ച നിരവധി ദമ്പതികൾക്ക് കുഞ്ഞുങ്ങളെ ലഭിച്ചു. ഗർഭാവസ്ഥയിലെ ബുദ്ധിമുട്ടുകളിൽ നിന്നുള്ള വിടുതലും സുഖപ്രസവവും ലഭിച്ചതായി സാക്ഷ്യപ്പെടുത്തുകയുണ്ടായി.


**ജപമാല സഖ്യം**

ജീവന്റെ സമസ്ത മേഖലയുടേയും പരിപോഷണത്തിനായി, ജീവന്റെ മൂല്യം ഉൾകൊള്ളുവാനായി ഒരു പ്രാർത്ഥനാ കൂട്ടായ്മ 'ജപമാലസഖ്യം' എന്ന പേരിൽ രൂപംകൊടുത്തുവരികയാണ്. അവരവർ ആയിരിക്കുന്ന ഇടങ്ങളിൽ അവർ ജീവനുവേണ്ടി പ്രാർത്ഥിക്കുന്നു. പ്രാർത്ഥനാ വിഷയങ്ങൾ അംഗങ്ങൾക്കിടയിൽ വിതരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത്. എല്ലാ ഇടവകകളിലും പ്രോ-ലൈഫ് പ്രദർശനം നടത്തുകയും പ്രോ-ലൈഫ് സെല്ലുകൾ രൂപീകരിക്കുകയും ചെയ്യുന്നതിനാണ് ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്നത്. അതിന് എല്ലാ വികാരിമാരുടേയും സഹകരണം ആവശ്യമുണ്ട്. മാനന്തവാടി രൂപതയിലെ പ്രോ-ലൈഫ് മൂവ്മെന്റിന്റെ കോർഡിനേറ്റർ ഷിബു മാവേലിക്കുന്നേൽ (9447952009) സബ്കോർഡിനേറ്റർ അഡ്വ. ജോസ് കുറുമ്പാലക്കാട്ട് (9446647614) സെക്രട്ടറി സാലു മേച്ചേരിയിൽ (9961297696) എന്നിവരാണ്. ജീവജ്യോതി അവാർഡിനെകുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനും പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനും മേൽപറഞ്ഞവരെ ബന്ധപ്പെടുകയോ രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടറുമായോ സിയോൻ ഡയറക്ടറുമായോ ബന്ധപ്പെടേണ്ടതാണ്.

**സിയോൻ മാർച്ച് മാസത്തിൽ**

| | | |
|---|---|---|
| 5 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 6 ആദ്യശനി | - | കൺവെൻഷൻ, ക്രിസ്റ്റീൻ പ്രോഗ്രാം |
| 12 രണ്ടാംവെള്ളി | - | കൗൺസിലേഴ്സിന്റെ ജാഗരണം |
| 13 രണ്ടാംശനി | - | കൗൺസിലിംഗ് ദിനം, യുവജന കൂട്ടായ്മ, ദമ്പതീകൂട്ടായ്മ |
| 19 മൂന്നാംവെള്ളി | - | സൗഖ്യദിനം |
| 26 നാലാംവെള്ളി | - | ജാഗരണപ്രാർത്ഥന, സുവിശേഷമുന്നണി |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി



# ക്രിസ്റ്റീൻ വാർത്തകൾ

ക്രിസ്റ്റീൻ രൂപതാടീമിന്റെ നേതൃത്വത്തിൽ കൊട്ടിയൂർ, ചെന്നലോട് ഇടവകകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. ധ്യാനങ്ങൾ സംഘടിപ്പിച്ച ബഹു. വിൻസെന്റ് താമരശേരിയിൽ അച്ചനും, അസി.വികാരി ബഹു. ഡെന്നീസ് പൂവത്തിങ്കലച്ചനും ചെന്നലോട് ഇടവക വികാരി ബഹു. ജെയിംസ് കുന്നത്തേട്ട് അച്ചനും നന്ദി പ്രകാശിപ്പിക്കുന്നു.

**അവധിക്കാല ക്രിസ്റ്റീൻ ധ്യാനങ്ങൾ**

ക്രിസ്റ്റീൻ രൂപതാടീമിന്റെ നേതൃത്വത്തിൽ സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് കുട്ടികൾക്കായി രണ്ട് ക്രിസ്റ്റീൻ ധ്യാനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. ഏപ്രിൽ 13-16 വരെയും മെയ് 13-16 വരെയുമാണ് ധ്യാനങ്ങൾ. ഏപ്രിൽമാസത്തെ ധ്യാനം അടുത്തവർഷം 10-ാം ക്ലാസിലേയ്ക്ക് ജയിക്കുന്ന കുട്ടികളെ ഉദ്ദേശിച്ചാണ്. ഓരോ ധ്യാനത്തിനും ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 കുട്ടികൾക്കാണ് സീറ്റുണ്ടായിരിക്കുക. 13-ാം തീയതി വൈകുന്നേരം 6 മണിമുതൽ 16-ാം തീയതി രാവിലെ 10 മണിവരെയായിരിക്കും ധ്യാനസമയം. വികാരിയച്ചൻ ദയവായി ഈ കാര്യം പള്ളിയിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ധ്യാനത്തിന് ആകെ ചിലവ് 350. രജി.ഫീസ് 100 രൂപ.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
**ഫാ. സോണി വടയാപറമ്പിൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരി സഹോദരന്മാരേ,

നോമ്പുകാലത്തിന്റെ ചൈതന്യത്തോടെ വിൻസെൻഷ്യൻ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുകയും ഇടവകാപ്രവർത്തനങ്ങളോടു സഹകരിക്കുകയും ചെയ്തുകൊണ്ട് നമുക്കു കൂടുതൽ നല്ല വിൻസെൻഷ്യൻ പ്രവർത്തകരാകാം. ഏപ്രിൽ ആദ്യംതന്നെ വിശുദ്ധ വാരത്തിലെ പ്രധാനപ്പെട്ട ദിനങ്ങളിലേയ്ക്കു നമ്മൾ പ്രവേശിക്കുന്നതിനാൽ ഏവർക്കും മുൻകൂട്ടി ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

**ഓസ്സാനാംഭവൻ ശുശ്രൂഷ**

പാചക ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന സഹോദരി അസുഖംമൂലം കിടപ്പായതിനാൽ പകരം പറ്റിയ ആളെ കിട്ടാതെ വിഷമം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ശുശ്രൂഷാസന്ദർശനത്തിനു വരുന്ന കോൺഫ്രൻസുകാർ കഴിവതും രാവിലെ എത്തിച്ചേരുകയും സഹായിക്കുകയും ചെയ്താൽ ഉപകാരപ്രദമായിരിക്കും. മാത്രമല്ല, അവിടെ സ്ഥിരമായി നിന്നു ജോലി ചെയ്യാൻ സന്നദ്ധതയുള്ളവരും അവിടുത്തെ നിയമങ്ങൾക്കനുസരിച്ചു പെരുമാറുന്നവരുമായ വ്യക്തികളെ കണ്ടെത്തുന്ന പക്ഷം സി.സി പ്രസിഡണ്ടുമായി ബന്ധപ്പെടുത്തണമെന്നു താത്പര്യപ്പെടുന്നു.

ഏപ്രിൽമാസ സന്ദർശനം: 1 – 15: കുറുമ്പാല എ.സി
16 – 30: മാനന്തവാടി എ.സി

**ഈ വർഷത്തെ സ്കോളർഷിപ്പ് ലിസ്റ്റ്**

2009–2010 വർഷത്തിൽ വിദ്യാഭ്യാസ സഹായത്തിനായി നാഷണൽ കൗൺസിൽ തെരഞ്ഞെടുത്ത കുട്ടികളുടെ ലിസ്റ്റ് അവരുടെ അപേക്ഷ അയച്ച കോൺഫ്രൻസുകളുടെ പേരുസഹിതം താഴെ ചേർക്കുന്നു. ഫെബ്രുവരി 20 നു ചേർന്ന സി.സി മീറ്റിംഗിൽ തുക എ.സി പ്രസിഡണ്ടുമാരെ ഏല്പ്പിച്ചിട്ടുണ്ട്. എത്രയുംവേഗം എ. സി യിൽ നിന്ന് കോൺഫ്രൻസുകൾക്കും കുട്ടികൾക്കും ലഭ്യമാക്കേണ്ടതും വൗച്ചർ കോൺഫ്രൻസ് ഫയലിൽ കുട്ടിയുടെ (രക്ഷിതാവിന്റെ) പേരും ഒപ്പും വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. കോൺഫ്രൻസുകൾക്കും എ.സി കൾക്കും വിദ്യാഭ്യാസ സഹായ രജിസ്റ്റർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

**AAS ഇനം (2025 സി. സി, 300 കോൺഫ്രൻസ്) 1 വർഷത്തേയ്ക്ക്**

**ക്രമനമ്പർ, പേര്, കോൺഫ്രൻസ്**

1. അഖിൽ ടോമി, സെന്റ് ക്ലാരറ്റ് ചാരിറ്റി (BCA)
2. നീന മാത്യു, സെന്റ് മേരി ആലാറ്റിൽ (Nurse)
3. ജിജോ ജെയിംസ്, സെന്റ് ജോസഫ് അപ്പപ്പാറ (Nurse)
4. ഹർഷ. കെ. ബി, സെന്റ് തോമസ് ആറാട്ടുതറ (Nurse)
5. പ്രജീഷ് ജേക്കബ്, സെന്റ് മേരി അരിഞ്ചേർമല (Comp.)
6. സുനിൽ ജോസഫ്, സെന്റ് ജോസഫ് ബാലേശുഗിരി (DIP.)
7. ഷിജോ തോമസ്, സെന്റ് അൽഫോൻസ ചുള്ളിയാന (Electr.)
8. ടീന ടോമി, സെന്റ് ജോർജ് ചുള്ളിയാന (Nurse)
9. അനിത. പി. ജെ, സെന്റ് മേരി ചുണ്ടക്കര (TTC)
10. സോഫി. കെ. കെ, സെൻ ജോസഫ് ചുണ്ടക്കര (DIP.)
11. സംഗീത തോമസ്, സെന്റ് തോമസ് ദീപ്തിഗിരി (Nurse)
12. ജ്യോതിഷ ജോസ്, സെന്റ് അൽഫോൻസ ദ്വാരക (Nurse)
13. സനൽ. കെ. പി, സെന്റ് ജോർജ് കൊളവയൽ (Electr.)
14. സ്റ്റീനിയ ജോർജ്, സെന്റ് സെബാസ്റ്റ്യൻ കൊട്ടിയൂർ (Nurse)
15. മഞ്ജു. എ. ജെ, സെന്റ് മേരി കുറുമ്പാല (TTC)
16. സാനിയ മാത്യു, ലിറ്റിൽ ഫ്ളവർ മാനന്തവാടി (Nurse)
17. ജോയ്സി അബ്രാഹം, സെന്റ് മേരി മണിമൂളി (Nurse)
18. ബിൻസി. ടി. വി, സെന്റ് ഫ്രാൻസീസ്, മഞ്ഞൂറ (Nurse)
19. ജ്യോതി ജോസ് സെന്റ് ആഗ്നസ് മുള്ളൻകൊല്ലി (Nurse)
20. നീതു അഗസ്റ്റിൻ, ഇൻഫന്റ് ജീസസ് നടവയൽ (Nurse)
21. ധന്യ പീറ്റർ, സെന്റ് മേരി നെടുംമ്പാല (Nurse)
22. സിന്റേ. കെ, സെന്റ് മാർട്ടിൻ ഒണ്ടയങ്ങാടി (Nurse)
23. അനു പോൾ, സെന്റ് മേരി പാതിരിപ്പാടം (B.Tec)
24. സിൻസി വർഗ്ഗീസ്, സെന്റ് മേരി പയ്യമ്പള്ളി (Nurse)
25. ആൻജോ വർഗ്ഗീസ്, സെന്റ് അൽഫോൻസ, പുതുശ്ശേരിക്കടവ് (TTC)
26. ജിഥിൻ ടോമി, ക്രൈസ്റ്റ്കിംഗ്, പുതുശ്ശേരിക്കടവ് (Fitter)
27. അജീഷ് എസ് മോവിൻ, സെന്റ് മേരി തലഞ്ഞി (B.Tec)
28. ടിൻസി വിൻസെന്റ്, സെന്റ് മേരി തോമാട്ടുചാൽ (ATTC)
29. ഡോണ. പി. എസ്, സെന്റ് സെബാസ്റ്റ്യൻ വാഴവറ്റ (B.Tec)
30. ഫെബിൻ. ടി. ടി, സെന്റ് സെബാസ്റ്റ്യൻ വിളമ്പുകണ്ടം (DIP)

**HES (4000 രൂപ + 1000 രൂപ 4 വർഷം)**

31. അവിനാഷ് ജോസ്, സെന്റ് ജോസഫ് കുറുമ്പാല (MBBS)

**TTS (2700 + 300 രൂപ 3 വർഷം)**

32. അഖിൽ ജോസ്, സെന്റ് തോമസ് അരിഞ്ചേർമല (DIP)
33. ജിസ്ന ജോർജ്, ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ (Nurse)
34. ആശാ ബെന്നി, സെന്റ് മേരി കേണിച്ചിറ (Nurse)

35. അനു ജോർജ്, സെന്റ് തെരേസ കൊമ്മയാട് (Nurse)
36. ജിജി ജോർജ്, ക്രൈസ്റ്റ് കിംഗ് മണിമൂളി (Nurse)
37. ചിഞ്ജു. സി. എസ്, ലിറ്റിൽ ഫ്ളവർ മുതിരേരി (Nurse)
38. ജോബിഷ്. എൻ. വി, സെന്റ് ജോസഫ് നെയ്ക്കുപ്പ (AME)
39. പ്രിയമോൾ. എൻ. വി, സെന്റ് അൽഫോൻസ പടമല (Nurse)
40. ഷിജോ വരിക്കതാന്നിക്കൽ, സെന്റ് മേരി പറളിക്കുന്ന് (MMA)
41. രാഹുൽ തോമസ്, സെന്റ് കാതറൈൻ പയ്യമ്പള്ളി (BSc Nurse)
42. പ്രിയ. കെ. വി, സെൻട്രൽ കൗൺസിൽ (GNM)
43. റിൻസി ജോയി, സെന്റ് ജോസഫ് റിപ്പൺ (Nurse)
44. നിത്യമോൾ. കെ, സെന്റ് ആന്റണി വാകേരി (Nurse)
45. ലിമ്യ ജോയി, സെന്റ് മേരി വാളവയൽ (Nurse)
46. അനുമോൾ. കെ. കെ, സെന്റ് ഫ്രാൻസീസ് വെള്ളൂന്നി (Nurse)
47 . ഷാരോൺ. ടി. പി, ബ്ല. മദർ തെരേസ വിളമ്പുകണ്ടം (Nurse)
48. ജെസ്ന ജോൺ, സെൻട്രൽ കൗൺസിൽ (Nurse)

**VTS (1350 + 150 ഒരു വർഷം)**

49. ക്രിസ്റ്റീന, സെന്റ് മാർട്ടിൻ അമ്പലവയൽ (VHC Ag.)
50. സൗമ്യ ബെന്നി, വിമല ചെന്നലോട് (TTC)
51. സുധീഷ്. ഇ. സി, സെന്റ് മേരി കടൽമാട് (CHM)
52. ഗീതു. പി. ടി, സെന്റ് ജൂഡ് കല്പ്പറ്റ (Comp HW)
53. ടോം സെബാസ്റ്റ്യൻ, സെന്റ് മേരി കല്പ്പറ്റ (Air Coud)
54. നിതിൻ. കെ. എ, സെന്റ് സെബാസ്റ്റ്യൻ കേണിച്ചിറ (Comp H. W)
55. രജിത കെ. ഇ, സെന്റ് സെബാസ്റ്റ്യൻ കുപ്പാടിത്തറ (Web. Des)
56. സെബാസ്റ്റ്യൻ. പി. ജെ, സെന്റ് ജോസഫ് കുറുമ്പാല (DIP)
57. ലിപിൻ, വിമല മഞ്ഞൂറ (Hard Net)
58. നീന. എൻ. ഒ, സെന്റ് ഫ്രാൻസീസ് മീനങ്ങാടി (TTC)
59. റീജു. എം. എക്സ്, സെന്റ് മാർട്ടിൻ ഒണ്ടയങ്ങാടി (Nurse)
60. ടീന ജോസ്, ബ്ല. കുര്യാക്കോസ് പാൽച്ചുരം (Nurse)
61. അനു ദേവസ്യ, സെന്റ് മേരി തരിയോട് (Nurse)
62. മെർലിൻ മാത്യു, സെന്റ് ജോസഫ് തെനേരി (DIP)
63. അഞ്ജലി.ടി സെന്റ് മേരി തെനേരി (Nurse)
64. ലിയ ബാസ്റ്റിൻ, സെന്റ് മേരി (L) വൈത്തിരി (BBA)
65. ജീന. പി. ജെ, സെന്റ് മേരി (M) വൈത്തിരി (DCFA)

TTS വിഭാഗം കുട്ടികൾ അടുത്ത ഗഡുക്കൾ ലഭ്യമാക്കാൻ 2011, 2012 ജൂലൈയ്ക്കു മുമ്പ് സ്റ്റഡിസർട്ടിഫിക്കറ്റ് കോൺഫ്രൻസുകൾ വഴി സി. സി യ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

**അഭിനന്ദനങ്ങൾ പ്രാർത്ഥനാശംസകൾ**

മാണ്ഡ്യ രൂപതയുടെ നിയുക്തമെത്രാൻ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവിന് മാനന്തവാടി രൂപത മദ്യവിരുദ്ധ സമിതിയുടെ ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ. പുതിയ പ്രവർത്തനരംഗത്ത് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**രൂപതാ കൺവെൻഷൻ**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ രൂപതാ കൺവെൻഷൻ 2010 മാർച്ച് 20 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ മാനന്തവാടി സെന്റ് പോൾ & പീറ്റർ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. ഇടവകയിൽ നിന്ന് ആറ് പ്രതിനിധികളെ വീതം പറഞ്ഞയക്കുമല്ലോ.

**കളക്ട്രേറ്റ് ധർണ്ണ**

കേരള സർക്കാറിന്റെ മദ്യപാനം സാർവ്വത്രികമാക്കുന്ന ജനവിരുദ്ധ മദ്യനയത്തിനെതിരെ കെ.സി.ബി.സി മദ്യവിരുദ്ധസമിതിയും മദ്യവിരുദ്ധ ജനകീയ മുന്നണിയും മദ്യനിരോധന സമിതിയും സംയുക്തമായി വയനാട് കളക്ട്രേറ്റ് ധർണ്ണ നടത്തുന്നു. മാർച്ച് 1-ാം തീയതിയാണ് ധർണ്ണ സംഘടിപ്പിക്കുന്നത്. വിലകുറഞ്ഞ മദ്യവും ലഹരികുറഞ്ഞ മദ്യവും സാർവ്വത്രികമാക്കുന്ന സർക്കാർ നയത്തിനെതിരെയാണ് ധർണ്ണ സംഘടിപ്പിക്കുന്നത്.

**വാഹന പ്രചരണ ജാഥ**

കേരള സർക്കാരിന്റെ ജനവിരുദ്ധ മദ്യനയത്തിനെതിരെ മാർച്ച് 13-ന് ശനിയാഴ്ച കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ മാനന്തവാടി താലൂക്കിൽ വാഹന പ്രചരണജാഥ നടത്തുന്നു. കാട്ടിക്കുളത്തുനിന്ന് ആരംഭിക്കുന്ന ജാഥ തൃശിലേരി, കൊയിലേരി, പനമരം, 5-ാം മൈൽ, നാലാം മൈൽ, വെള്ളമുണ്ട, നിരവിൽപ്പുഴ, കല്ലോടി, തവിഞ്ഞാൽ എന്നിവിടങ്ങളിൽ പ്രയാണം നടത്തി മാനന്തവാടിയിൽ സമാപിക്കും.

**സെക്രട്ടറിയേറ്റ് ധർണ്ണ**

മദ്യനയത്തിനെതിരെ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മാർച്ച് 25 ന് തിരുവന്തപുരത്ത് സെക്രട്ടറിയേറ്റ് ധർണ്ണ നടത്തും.

**നടവയൽ H.S ൽ സെമിനാർ**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 20 ന് ശനിയാഴ്ച രാവിലെ 10 മുതൽ 3 വരെ മദ്യവിരുദ്ധ ബോധവത്ക്കരണ സെമിനാർ നടത്തി. രണ്ട് സെഷനുകളായിട്ടാണ് സെമിനാർ നടത്തിയത്. സെമിനാറിന്റെ ഉദ്ഘാടനം മാനേജർ റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി നിർവ്വഹിച്ചു. മദ്യവിരുദ്ധ സമിതി രൂപതാ ട്രഷറർ ടോമി നെടുംകൊമ്പിൽ, നടവയൽ അസി. വികാരി വിനോദ് അച്ചൻ എന്നിവർ ക്ലാസുകൾ നയിച്ചു. പ്രധാനാധ്യാപകൻ എം. എം. ടോമി, ലിസി. എം.ജെ, സി. ലില്ലി ജോസ് എന്നിവർ നേതൃത്വം നൽകി.

**ജോൺസൺ തൊഴുത്തുങ്കൽ** (രൂപതാ പ്രസിഡന്റ്)

**സംഘടനാ പ്രവർത്തനങ്ങൾ - മേഖലായോഗങ്ങൾ**

സോഷ്യൽ വെൽഫയർ സൊസൈറ്റി ഭാരവാഹികളുടെയും സ്വാശ്രയസംഘ ഭാരവാഹികളുടെയും സംയുക്ത യോഗങ്ങൾ മേഖലാ തലത്തിൽ നടത്തി. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. 2010 -ൽ നടത്തേണ്ട പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഈ വർഷം WSSS ന്റെ പ്രഖ്യാപിത മുദ്രാവാക്യം 'തൊഴിൽ പഠിക്കുക, പഠിപ്പിക്കുക, വികസനത്തിനും സുസ്ഥിരതയ്ക്കും' എന്നുള്ളതാണ്. തൊഴിൽ പഠനവുമായി ബന്ധപ്പെട്ട് വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നു. കേരളാ ലേബർ മൂവ്മെന്റുമായി ചേർന്ന് അസംഘടിത മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിക്കുകയും വിവിധ ക്ഷേമ പദ്ധതികൾ, ഇൻഷുറൻസ് പരിപാടികൾ എന്നിവ നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഈ വർഷം ഉദ്ദേശിക്കുന്നത്.

ജനുവരി 13 -ാം തീയതി കല്ലോടി മേഖലാ മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ മേഖലാ യോഗം ഉദ്ഘാടനം ചെയ്തു. ഒ. പി. അബ്രാഹം, കെ.ഒ.ജോയി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ജനുവരി 15 -ാം തീയതി മാനന്തവാടി മേഖലാ മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. വയനാട് സബ്കളക്ടർ ശ്രീ. എൻ. പ്രശാന്ത് IAS സമ്മേളനം ഉദ്ഘാടനം ചെയ്തു. WSSS ന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും പൗരബോധമുള്ള സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ കൂടുതൽ ശ്രദ്ധിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിക്കുകയും റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ജനുവരി 16 -ാം തീയതി കൊട്ടിയൂർ മേഖലാ മീറ്റിംഗ് ചുങ്കക്കുന്ന് ഫാത്തിമ മാതാ പാരീഷ് ഹാളിൽ വച്ച് നടത്തി. റവ. ഫാ. തോമസ് ചേറ്റാനി അദ്ധ്യക്ഷത വഹിക്കുകയും കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിസിലി ആമക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, ഒ.പി. അബ്രാഹം എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ജനുവരി 19 -ാം തീയതി പുല്പള്ളി മേഖലാ മീറ്റിംഗ് പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. SWS ഡയറക്ടർ റവ. ഫാ. മാത്യു പള്ളിച്ചാംകുടി അദ്ധ്യക്ഷത വഹിച്ചു. വയനാട് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. കെ. എൽ. പൗലോസ് മേഖലാ യോഗം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോൺ ചൂരപ്പുഴയിൽ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ജനുവരി 23 -ാം തീയതി കല്പ്പറ്റ മേഖലാ മീറ്റിംഗ് ചെന്നലോട് സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് നടത്തി. സി. ഇന്നസെന്റ് അദ്ധ്യക്ഷത വഹിക്കുകയും റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഒ. പി. അബ്രാഹം, കെ.ഒ.ജോയി

എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. എല്ലാ മേഖലാ യോഗങ്ങളിലുമായി 565 ഭാരവാഹികൾ പങ്കെടുത്തു. ഷാജി. കെ. ജോസ്, സിജോ. കെ. ജെ, ജോർജ് ജോസഫ് എന്നിവർ മേഖലാ യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും ക്രമീകരിക്കുന്നതിനും നേതൃത്വം നൽകി.

**വാർഷികാഘോഷം**

ജനുവരി 26 -ാം തീയതി ചുങ്കക്കുന്ന് സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ വാർഷികാഘോഷം ഫാത്തിമ മാതാ ഓഡിറ്റോറിത്തിൽ വച്ച് വിവിധ പരിപാടികളോടെ സമുചിതം ആഘോഷിച്ചു.

ചുങ്കക്കുന്ന് SWS ജോയിന്റ് ഡയറക്ടർ റവ. ഫാ. മനോജ് കാക്കോനാൽ അദ്ധ്യക്ഷത വഹിക്കുകയും WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കേളകം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോയി, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ചിന്നമ്മ, WSSS ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി എന്നിവർ ആശംസകളർപ്പിച്ചു. വിജയികൾക്കുള്ള സമ്മാനസമർപ്പണം SWS ഡയറക്ടർ റവ. ഫാ. തോമസ് ചേറ്റാനി നിർവ്വഹിച്ചു. സ്നേഹവിരുന്നോടു കൂടി വാർഷികാഘോഷം സമാപിച്ചു. ജനുവരി 23 -ാം തീയതി തവിഞ്ഞാൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ വാർഷികാഘോഷം സെന്റ് മേരീസ് LP സ്കൂളിൽ വച്ച് നടത്തി. SWS ഡയറക്ടർ റവ. ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ശ്രീ. ഷാജി കെ. ജോസ് മുഖ്യപ്രഭാഷണം നടത്തി. അംഗങ്ങളുടെ കലാകായിക മത്സരങ്ങൾ ആഘോഷ പരിപാടിക്ക് മികവേകി.

**കേരളാ ലേബർ മൂവ്മെന്റ്**

ജനുവരി 9, 10 തീയതികളിൽ ഇടക്കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ KLM ജനറൽ അസംബ്ലിയിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് സെബാസ്റ്റ്യൻ പാലംപറമ്പിൽ, സെബാസ്റ്റ്യൻ ഉറുമ്പിൽ, കെ. ഒ. ജോയി, ഷാജി കെ. ജോസ്, സിജോ. കെ.ജെ, ജോർജ് ജോസഫ് എന്നിവർ പങ്കെടുത്തു. KLM പ്രവർത്തന റിപ്പോർട്ട് പ്രസ്തുത മീറ്റിംഗിൽ അവതരിപ്പിച്ചു. 10 -ാം തീയതി നടന്ന വാർഷിക സമ്മേളനത്തിലും റാലിയിലും പങ്കെടുക്കുകയും ചെയ്തു. 2010 വർഷത്തിൽ നടത്തേണ്ട വിവിധ പദ്ധതികളുടെ കരട് രൂപം അവതരിപ്പിക്കുകയും ചെയ്തു.

**വിളവെടുപ്പുത്സവം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹായത്തോടെ കോളനികളിൽ നടത്തിയ നടുതല കൃഷിയുടെ വിളവെടുപ്പു നടത്തി. ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനും അതോടൊപ്പം വരുമാന വർദ്ധനവും ലക്ഷ്യമാക്കിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തി വരുന്നത്. മീൻകൊല്ലി, തുറമ്പൂർ കരുവണശ്ശേരി, പഴഞ്ചേരിക്കുന്ന് കോളനികളിലാണ് ചേനകൃഷിയുടെ വിളവെടുപ്പ് പൂർത്തിയായത്. വിളവെടുപ്പിന് WSSS Tribul co-ordinator അനു ജോൺ നേതൃത്വം നൽകി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
(ഡയറക്ടർ, WSSS മാനന്തവാടി)



# അറിയിപ്പുകൾ

## 1) വൈദികർക്കുവേണ്ടിയുള്ള സെമിനാർ

*"യേശുവിന്റെ വിശ്വസ്തത വൈദികരുടെ വിശ്വസ്തത"*

വൈദിക വർഷത്തോടനുബന്ധിച്ച് മലബാർ പ്രദേശത്തെ വൈദികർക്കുവേണ്ടി ഒരു ദ്വിദിന സെമിനാർ കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വച്ച് 2010 ഏപ്രിൽ 12 ന് വൈകുന്നേരം 4 മണി മുതൽ 14 ന് വൈകുന്നേരം 4 മണിവരെ നടത്തപ്പെടുന്നു.

**പ്രധാന ചർച്ചാവിഷയങ്ങൾ:**

1. വൈദികരുടെ ആദ്ധ്യാത്മികത
2. വൈദിക ജീവിതത്തിലെ വെല്ലുവിളികൾ
3. വൈദികനും കാലാനുസൃത മാറ്റങ്ങളും
4. വൈദികനും മലബാറിന്റെ വികസനവും

വിശദവിവരങ്ങൾ അച്ചന്മാരെ വ്യക്തിപരമായി അറിയിക്കുന്നതാണ്.

**Contact Address:**

Rev. Fr. Joseph Padiyath
Good Shepherd Major Seminary
Kunnoth, Kiliyanthara P.O.
Iritty, Kannur Dt., 670 706
Tel: 0490 - 2491095, 2494444

## 2) GOOD NEWS FOR FORMATORS

The CBCI Commission for Social Communications is glad to announce a one- week certificate course for Formators on **Communications and Media** at Nobi Communications (Norbertine Fathers) Bangalore. Hurry up for more details and the registration form.

**Course Outline**

● Communications and the media ● Spirituality of social communications ● Media education ● Basic video production and editing ● Basic animation with Power Point ● Church and the media ● Pastoral communication: aptitude & skills ● Media languages: journalism, film and the internet ● Image editing in Photoshop ● Teaching methodology in a media world.

**Date : 11-17 April 2010, Place: Bangalore, Fee: Rs.3000/-, Seats Available:20**

**For Details, Please Contact**

Rev. Dr. Jose Murickan O.Praem
National Coordinator for Communication Formation
St. Augustine Study House
Carmelaram P.O., Kasavanahalli
Bangalore - 560 035
Tel: 080-25920481; 28439385; Mob: (0)9986724381
Email: jmurickan@gmail.com

**3) ST. MARY'S COUNSELLING & TRAINING CENTRE**

**TRAINING AND PRACTICE IN COUNSELLING SKILLS**

**Sixth Summer Programme April - May 2010**

*St. Mary's Convent, Mapusa, Bardez - Goa 403507 India*
*Ph. (0832) 2255131/ 9822167546, E-mai: smcc@dataone.in*

**Training and Practice in Counselling Skills on an Internship basis**

**St. Mary's Counselling Centre** is a multifaceted community based organization, committed to the total growth, integration and well-being of human beings. It is also a space for learning about human processes in refreshing and enriching ways. It is a collaborative effort of Religious and lay people to empower individuals to grow to their full potential and invest in the society at large.

**Teachers, Principals, Manages, Doctors, Lawyers, Priests, Parents, Parish Councillors, NGOs, Social workers, Youth Animators, Fresh Graduates, Fresh entrants into jobs, Homemakers and Religious Congregations** will benefit from this programme.

**The Training Programme** is designed as an inter internship for a period of 2 years which comprises: 3 summer residential programmes (10 days each) of intense personal work. - Submission of a written review after every phase.

**PHASE I**

a) self- exploration, self-discovery, self acceptance b) personality Development c) Counselling skills' training and practice

**PHASE II**

a) self integration, b) Exploration in roles and styles, c) Leadership Development, d) Counselling skills' training and practice

**PHASE III**

a) self transcendence, b) Exploration in systems & Organization
c) Psycho-Spiritual Development, d) Counselling skills' training and practice The focus process work for human processes and the training in Counselling Skills will enhance the participants' capabilities and skills to initiate action and to manage conflict, innovation, changes and development.

The investment required for phase 1 in 2010 is Rs. **10000/- (inclusive of 10 days' hospitality, course fees & material).** Food & Lodging: Rs. 2500/-, Course Fees & Material: Rs.7500/-, The programme will be residential at Baga Retreat House, Baga, Bardez-Goa. Phase II participants will pay Rs. 6000/- & phase III will pay Rs.4000/- only.

The second & Third phasers' fees are highly subsidized. Both phase II & III will be at Manoshanti, Bastora, Bardez-Goa.

**Those undergoing psychiatric treatment / therapy should not register for this programme.**

The Programme dates:

Phase I : 9 th May (6 pm) to 19 th May 2010 (5 pm) Phase II : 27 th April (6 pm) to 7 th May 2010 (5 pm) Phase III : 27 th April (6pm) to 7th May 2010 (5 pm) Those interested in registering for the programme must do so by Saturday 13 th March, 2010 by paying Rs. 2,000/- (non-refundable). This amount is inclusive of the programme fees. **Those having financial constraints may contact Sr. Mariola.A.C**

**St. Mary's Counselling Centre** is managed by Mary's Society, Mapusa, a non-profit organization (registered under the Society's registration Act 1860-No 450/1974), and is housed at St. Mary's Convent, Mapusa, Bardez-Goa.403 507

*For Further Details/Enquiries contact:*

**Sr. Mariola.A.C**

Ph: (0832) 2255131/ 9822167546, E-mail: smcc@dataone.in

**Ms.Joan Maria Pinto**

Ph: (0832) 2412107/ 9923499875, Email: joan.m.pinto@gmail.com

**Ms. Ursula Fernandes**

Ph: 9420686306, Email: ursulaferns@gmail.com



# Programme

## PASTORAL CENTRE, DWARAKA

### *March - 2010*

*02 The - Catechism : Team Meeting*

*05 Fri - Zion CRC : Night Vigil*

*06 Sat - Zion CRC : Prayer Day,*
*KCYM : Secretariat*

*11 Thu - KCYM : Prayer Gathering*

*12 Fri - 14 Sun - Cathechism : Valuation Camp*

*13 Sat - Jesus Youth : Prayer Day;*
*CML Exevutive*

*14 Sun - 17 Wed - Marriage Preparation Course*

*20 Sat - Convention : KCBC*
*Madhyavirudhasamathi*

*22 Mon - Marian Singles: KCYM Prayer*
*Gathering*


*24 Wed - Malayattoor Pathayatra*

*26 Fri - 30 Tue - Marriage Preparation Course*

*27 Sat - Pastoral Council*

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre

# Bishop's Programme



## *2010 March*

| | |
|---|---|
| *March 05 - 11* | *Diphu* |
| *13 Sat -14 Sun .......* | *Trivandram : Episcopal Ordination* |
| *15 Mon ..............* | *Visitors' Day* |
| *16 Tue ..............* | *Pazhoor : School Anniversary* |
| *17 Wed .............* | *St. Patricks School* |
| *18 Thu - 19 Fri* | *Out of Station* |
| *20 Sat ...............* | *Town Church : KCBC Madyavirudha Samithi Diocesan Convention* |
| *21 Sun ..............* | *Vanjode : Holy Mass* |
| *22 Mon ..............* | *Visitors' Day* |
| *23 Tue ...............* | *Out of Station* |
| *24 Wed .............* | *Chithragiri : Blessing of the Houses of Landslide Victims* |
| *25 Thu - 26 Fri* | *Out of Station* |
| *27 Sat ...............* | *Dwaraka : Pastoral Council* |
| *28 Sun ..............* | *Cathedral : Palm Sunday* |
| *29 Mon 30 Tue ...* | *Engaged (No Visitors)* |
| *31 Wed ............* | *Minor Seminary : Minor Orders* |

## *2010 April*

| | |
|---|---|
| *1 Thu ...............* | *Cathedral : Maundy Thursday* |
| *2 Fri ................* | *Cathedral : Good Friday* |
| *3 Sat ................* | *Cathedral* |
| *4 Sun ................* | *Cathedral : Easter* |
| *5 Mon ..............* | *Mananthavady Pavana Pastoral Centre : Priestly Year Celebrations* |
| *6 Tue ...............* | *Cathedral : Death Anniversary of Mar Emmanuel Pothanamuzhy* |
| *7 Wed .............* | *Hinkel : Inauguration of the Eparchy of Mandya and Episcopal Ordination of Msgr. George Njaralakatt* |

| | | |
|---|---|---|
| 8 Thu | ............. | Pullloorampara : Episcopal Ordination of Msgr. Remigiose Inchananiyil |
| 9 Fri | ................ | Out of Station |
| 10 Sat | ............... | Trichur : Episcopal Ordination of Msgr. Raphael Thattil |
| 11 Sun | .............. | Ramanathapuram : Inauguration of the Eparchy of Ramanathapuram & Episcopal Ordination of Msgr. Paul Alapatt |
| 12 Mon | ............ | Mary Matha Science & Arts College |
| 13 Tue | Morning | Bathery : Installation of Most Rev. Joseph Mar Thomas |
| | Evening | SABS Provincial House |
| 14 Wed | ............ | Theneri : First Communion and Confirmation |
| 15 Thu | ............ | Valiyakolly : Church Blessing |
| 16 Fri | .............. | Out of Station |
| 17 Sat | .............. | Nadavayal : Priestly Year Celebrations |
| 18 Sun 19 Mon .. | | Irinjalakuda : Episcopal Ordination of Msgr. Pauly Kanookadan |
| 20 Tue | .............. | Dwaraka : Vestition and First Profession SABS Novices |
| 22 Thu | ............. | Bathery SABS Convent: Golden Jubilee of Sisters |
| 23 Fri 25 Sun .. | | Bangalore : NBCLC Governing Body |
| 25 Sun | Evening | Mount Mary College : Major Seminarians' Gathering |
| 26 Mon | Morning | Mount Mary College : Vestition |
| | Evening | Dwaraka : Jubilee of CST Ashram |
| 27 Tue | .............. | Major Seminarians' Gathering |
| 28 Wed | ............. | Dwaraka : Vestition and First Profession of SH Novices |
| 29 Thu | .............. | Kalikavu, Pala : Ordination of Dn. Emmanual Puliyanappalli |
| 30 Fri | .............. | Portincula (Aluva) : Final Profession of FCC Sisters. |



*"I live because of Christ*
*Christ lives because of Priest*
*So I love Priest"*

**Mother Theresa of Calcutta**

## പ്രത്യേക ശ്രദ്ധയ്ക്ക്

മാനന്തവാടി രൂപതാ ബുള്ളറ്റിന്റെ 2010-2011 വർഷത്തെ (2010 ഏപ്രിൽ - 2011 മാർച്ച്) വരിസംഖ്യ അടയ്ക്കാത്തവർ ദയവായി മാർച്ച് 31-ന് മുമ്പായി 120 രൂപ അടച്ച് കോപ്പികൾ ഉറപ്പുവരുത്തേണ്ടതാണ്. വരിസംഖ്യ ബിഷപ്സ് ഹൗസിൽ നേരിട്ട് അടയ്ക്കുകയോ, അല്ലെങ്കിൽ മണിഓർഡറായി അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

അയയ്ക്കേണ്ട വിലാസം:

Editor, Roopatha Bulletin
Bishop's House, P.B. No. 1
Mananthavady 670 645

**ഫാ. ജോസഫ് പരുവുമ്മേൽ**
എഡിറ്റർ, മാനന്തവാടി രൂപതാബുള്ളറ്റിൻ